©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

**അൻപത്തിയെട്ടാമത് റിപ്പോർട്ട്**

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006)യുടെ പതിനാറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനാലാം  കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അൻപത്തിയെട്ടാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2004-2006)യുടെ പതിനാറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

224/2021.

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | I |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും തുടർ ശിപാർശകളും | .. | 56 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2019 -2021)

**ഘടന**

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. സുരേഷ് കുറുപ്പ് .

<u>അംഗങ്ങൾ :</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

**ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്.കെ. ജി. , ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ . ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

**2020 മാർച്ച് മാസം 8-ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021)യുടെ അൻപത്തിയൊട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)-യുടെ പതിനാറാമത് റിപ്പോർട്ടിലെ (കാസർഗോഡ്, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

## അദ്ധ്യായം 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ പതിനാറാമത് റിപ്പോർട്ടിലെ (കാസർഗോഡ്, കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ നഗരസഭകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2004-2006)യുടെ പതിനാറാമത് റിപ്പോർട്ട് 2006 ഫെബ്രുവരി മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 35 ശിപാർശകളാണുള്ളത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടി/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നു ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ് എന്നിവ 13-12-2006, 24-10-2007, 31-12-2008, 15-10-2014, 14-12-2016, 14-6-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ 28-11-2007, 19-10-2017 എന്നീ തീയതികളിലെ യോഗങ്ങളിൽ തെളിവെടുപ്പ് നടത്തുകയും അധിക വിവരങ്ങൾ ആരായുകയും തുടർ ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്തു.

1.3 സർക്കാർ മറുപടി തൃപ്തികരമല്ലാത്ത ശിപാർശകളിന്മേൽ സമിതി ആരാഞ്ഞ അധിക വിവരങ്ങൾ ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ആയവ സമിതിയുടെ പരിഗണനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ 30-5-2018-ന് സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പ് യോഗത്തിൽ, 2018 ഒക്ടോബർ മാസത്തിനകം ശേഷിക്കുന്ന ശിപാർശ ഖണ്ഡികകൾക്കും അധിക വിവരങ്ങൾക്കുമുള്ള മറുപടി ലഭ്യമാക്കുന്നതാണെന്ന് ഭരണ വകുപ്പ് ഉറപ്പു നൽകുകയും നിശ്ചിത സമയപരിധിക്കുള്ളിൽ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി മുമ്പാകെ ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നിട്ടും നാളിതുവരെ പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി സമിതി വിലയിരുത്തുകയും ഭരണ വകുപ്പിന്റെ ഭാഗത്തു നിന്നുള്ള നിരുത്തരവാദപരമായ നടപടിയിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും റിപ്പോർട്ടിലെ തുടർശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് സമയബന്ധിതമായി മറുപടി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

1.4 റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടി/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, സമിതി ആരാഞ്ഞ അധിക വിവരം, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ച മറുപടി/സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പ്, തുടർശിപാർശകൾ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നു ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച സൂക്ഷ്മ പരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

### സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടിയും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരങ്ങളും തുടർ ശിപാർശകളും

### ഖണ്ഡിക നമ്പർ 20, 21

#### ശിപാർശ

2.1.1 റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ ഗവൺമെന്റ് തലത്തിലോ ഡയറക്ടറേറ്റ് ഓഫ് മുനിസിപ്പാലിറ്റിയിൽ നിന്നോ എന്തെങ്കിലും പ്രത്യേക നിർദ്ദേശം ലഭിക്കാത്ത സാഹചര്യത്തിൽ റിക്കവറി നടപടി ഒഴിവാക്കിയ കണ്ണൂർ മുനിസിപ്പാലിറ്റിയുടെ നടപടി ഏകപക്ഷീയമാണെന്നും നീതീകരിക്കത്തക്കതല്ലെന്നും സമിതി അഭിപ്രായപ്പെടുന്നു.

2.1.2 മേൽ സൂചിപ്പിച്ച ഓഡിറ്റ് പരാമർശത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റി കാര്യമായ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചു കാണുന്നില്ല. ജീവനക്കാരിൽ നിന്നും ഗഡുക്കളായി തുക തിരിച്ചുപിടിക്കാമെന്ന് തെളിവെടുപ്പുവേളയിൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്ത മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ നായർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നും, ബന്ധപ്പെട്ട ഭരണവകുപ്പ് ഈ വിഷയം ഗൗരവമായി എടുത്ത് തുക തിരിച്ചു പിടിക്കാൻ ആവശ്യമായ അനന്തര നടപടി സ്വീകരിക്കണമെന്നും, തുക തിരിച്ചുപിടിച്ചതിന്റെ വിശദവിവരം രേഖപ്പെടുത്താൻ പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

#### സർക്കാർ സ്വീകരിച്ച നടപടി

2.1.3 കണ്ണൂർ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 1-4-1994 മുതൽ 30-9-1996 വരെയുള്ള കാലയളവിലെ അധികമായി അനുവദിച്ച വേരിയബിൾ ഡി.എ.യിൽ തിരിച്ചു പിടിക്കുവാൻ ബാക്കിയുള്ള സംഖ്യ ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2006 ജൂലായ് മാസം മുതൽ 5 തുല്യ ഗഡുക്കളായി തിരിച്ചു പിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.1.4 അധികമായി അനുവദിച്ച വേരിയബിൾ ഡി.എ.യിൽ തിരിച്ചു പിടിക്കാൻ ബാക്കിയുള്ള സംഖ്യ ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും 2006 ജൂലൈ മാസം മുതൽ തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ചതായി കാണുന്നുണ്ട്. ഈ ഇനത്തിൽ ജൂലൈ മാസം ആകെ 8400 രൂപ തിരിച്ചു പിടിച്ചിട്ടുള്ളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

തുക തിരിച്ചു പിടിച്ചതിന്റെ പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

തെളിവെടുപ്പ് വേളയിൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്ത മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ നായർക്കെതിരെ ശിക്ഷണ നടപടി ഭരണ വകുപ്പ് എടുത്തതായി കാണുന്നില്ല.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരം</u>

2.1.5 അധികമായി അനുവദിച്ച വേരിയബിൾ ഡി.എ.യിൽ തിരികെ പിടിക്കുവാൻ ഇനിയും ശേഷിക്കുന്ന തുക അടിയന്തരമായി ഈടാക്കണമെന്നും തിരിച്ചു പിടിച്ച തുകയുടെ കണക്കെഴുതി സൂക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനും സമിതിയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാത്ത മുനിസിപ്പൽ സെക്രട്ടറി ശ്രീ. രാജേന്ദ്രൻ നായർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

2.1.6 മൊത്തം 140 ജീവനക്കാരിൽ 90 പേരിൽ നിന്ന് അവർ കൈപ്പറ്റിയ മൊത്തം തുകയായ 2,19,435 രൂപ ഈടാക്കി. 16 പേരിൽ നിന്നും ഭാഗികമായി 29,346 രൂപയും ഈടാക്കി. ഇനി ബാക്കി ഈടാക്കാനുള്ളത് 1,01,772 രൂപയാണ്. പെൻഷൻ പറ്റി പിരിഞ്ഞു പോയവരും മരിച്ചവരുമായവരാണിവർ. കൂടാതെ 16 പേരിൽ നിന്നും ഭാഗികമായി ഈടാക്കാനുള്ള തുകയും, ബാക്കി തുകയിലുൾപ്പെടുന്നു. ബാക്കി തുക പെൻഷനായവരിൽ നിന്ന് റവന്യൂ റിക്കവറി വഴിയോ അത് വിജയിക്കുന്നില്ലെങ്കിൽ തെറ്റായി തുക നൽകിയതിന് ഉത്തരവാദികളായവരിൽ നിന്നോ ഈടാക്കുന്നതിന് വകുപ്പ് നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിക്കവറി രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിക്കുന്നുണ്ട്.

തുക തിരിച്ചു പിടിക്കാമെന്ന് സമ്മതിച്ച് ഉറപ്പ് നൽകിയിട്ട് തുക തിരിച്ചു പിടിക്കാതിരുന്ന സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ നായർക്കെതിരെ അച്ചടക്ക നടപടികൾക്ക് ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ 22-11-2007-ൽ നൽകിയിട്ടുണ്ട്.

15-10-2014-ലെ സമിതി യോഗ തീരുമാനം

2.1.7 പ്രസ്തുത വിഷയത്തിന്മേൽ സർക്കാർ നൽകിയ മറുപടി ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

സർക്കാർ സ്വീകരിച്ച നടപടി

2.1.8 കണ്ണൂർ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 1-4-1994 മുതൽ 30-9-1996 വരെയുള്ള കാലയളവിൽ അർഹമായതിലധികം വേരിയബിൾ ഡി.എ. നൽകിയതുവഴി നഗരസഭയ്ക്ക് 3,50,553 രൂപ അധികം ചിലവായിട്ടുണ്ടെന്നുള്ള ഓഡിറ്റ് തടസ്സം നീക്കുന്നതിന് ബന്ധപ്പെട്ട ഡിവിഷൻ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് മെമ്മോ നൽകുകയും അതുപ്രകാരം 2,64,230 രൂപ തിരിച്ചടച്ചിട്ടുള്ളതാണ്. ബാക്കി 86,323 രൂപ 39 പേരിൽ നിന്ന് തിരികെ ഈടാക്കാനുണ്ട്.

മേൽ പ്രകാരം 39 പേരിൽ 10 പേർ സർവ്വീസിലിരിക്കെയും ബാക്കി 29 പേർ വിരമിച്ച ശേഷവും മരണമടഞ്ഞിട്ടുള്ളതുമാണ്. 39 പേരിൽ 25 പേരുടെ ആശ്രിതരും നിലവിൽ നഗരസഭയിൽ നിന്നും ഫാമിലി പെൻഷൻ വാങ്ങിക്കുന്നില്ല. ടി 25 പേരിൽ നിന്ന് 53,280 രൂപയും ബാക്കി 14 പേരിൽ നിന്നു 33,043 രൂപയും തിരികെ ലഭിക്കുവാനുണ്ട്. ആയതിനാൽ പ്രസ്തുത തുക തിരിച്ചടക്കുന്നതിൽ നിന്നും ഒഴിവാക്കി തരണമെന്നും വിനീതമായി അപേക്ഷിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.1.9 അധികം നൽകിയ വേരിയബിൾ ഡി.എ.യിൽ 83,138 രൂപ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് എന്ന് ഹാജരാക്കിയ വൗച്ചറുകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. 32 കണ്ടിജന്റ് ജീവനക്കാർ മരിച്ചുപോയതായി പരിശോധിച്ച് ബോധ്യപ്പെട്ടു. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | തുക |
|---|---|
| 1 | 2 |
| നാണി വെളുത്താൻ | 1476 |
| ഗോവിന്ദൻ, S/O കടുങ്ങോൻ | 3318 |
| എം. ബാലൻ | 2358 |
| സി. ജയചന്ദ്രൻ | 3212 |
| കെ. പുരുഷോത്തമൻ | 1230 |
| ഒ. മനോഹരൻ | 597 |

| 1 | 2 |
|---|---|
| പി. ചാത്തു | 2497 |
| ബാലൻ, S/O വെളുത്താൻ | 654 |
| ചെറിയ അബ്ദുൾ ഹമീദ് | 2516 |
| കെ. പി. സാവിത്രി | 652 |
| പി. മാധവി | 2102 |
| ചന്ദ്രൻ പറമ്പത്ത് | 172 |
| മീനാക്ഷി അമ്മ | 2634 |
| രവീന്ദ്രൻ കെമ്മേരി | 235 |
| നാണി ചാത്തൻ | 2656 |
| എൻ. രാമാനുജൻ | 1094 |
| ബാലൻ നായർ | 1574 |
| കോരൻ, S/O ചാത്തൻ | 500 |
| സി. ഭാസ്കരൻ | 2622 |
| അമ്മാളു വെളുത്താൻ | 4686 |
| നാണു, S/O അമ്പു | 2357 |
| കെ. പി. ശ്രീനിവാസൻ | 263 |
| ടി. അശോകൻ | 223 |
| വി. ബാലകൃഷ്ണൻ | 3288 |
| സൗമിനി, W/O കരുണൻ | 1614 |
| എം. കരുണൻ | 1686 |
| കെ. കുഞ്ഞിരാമൻ | 2700 |
| എം. മുകുന്ദൻ | 549 |
| പെണ്ണൂട്ടി, W/O ഗോവിന്ദൻ | 2700 |
| പി. കെ. ശ്രീധരൻ | 3234 |
| ലീല, W/O കടുങ്ങോൻ | 532 |
| ലീല, W/O കുഞ്ഞിരാമൻ | 235 |
| **ആകെ** | **56,166** |

മരണപ്പെട്ട ജീവനക്കാരുടെ ആകെ ബാധ്യത 56,166 രൂപയാണ്. പരിശോധനയ്ക്കു തന്ന സ്റ്റേറ്റ്മെന്റിലുള്ള 34 പേരിൽ 32 പേർ മാത്രമേ യഥാർത്ഥത്തിൽ ഓഡിറ്റ് ഖണ്ഡികയിൽ ഉൾപ്പെട്ടിട്ടുള്ളൂ. കണ്ടിജന്റ് ജീവനക്കാരിൽ നിന്നും 2,11,249 രൂപ കൂടി ഈടാക്കാനുണ്ടെന്നുള്ള വിവരവും ഇതോടൊന്നിച്ച് അറിയിക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ശിപാർശ ചെയ്ത പ്രകാരം തുക തിരിച്ചു പിടിച്ചതിന്റെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുന്ന രജിസ്റ്ററിൽ വൗച്ചർ നമ്പർ, രസീത് നമ്പർ, തിരിച്ചു പിടിച്ച തുകകൾക്കുള്ള വിശദീകരണം എന്നിവ ചേർക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ജീവനക്കാരിൽ നിന്ന് ഗഡുക്കളായി തുക തിരിച്ചു പിടിക്കാമെന്ന് തെളിവെടുപ്പു വേളയിൽ സമിതിക്ക് നൽകിയ ഉറപ്പ് പാലിക്കാത്ത ശ്രീ. രാജേന്ദ്രൻ നായർ, മുനിസിപ്പൽ സെക്രട്ടറിക്കെതിരെ വകുപ്പുതലത്തിൽ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ല.

**തുടർശിപാർശ**

**2.1.10 കണ്ണൂർ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 1-4-1994 മുതൽ 30-9-1996 വരെയുള്ള കാലയളവിൽ അർഹമായതിലധികം വേരിയബിൾ ഡി.എ. നൽകിയതിലൂടെ അധികം ചെലവായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 39**

<u>ശിപാർശ</u>

2.2.1 ഷാസു ലോൺ സംഖ്യ യഥാസമയം വിനിയോഗിക്കാത്തതിനാൽ 1,63,881 രൂപ പിഴപ്പലിശയായി കെ.യു.ഡി.എഫ്.സി.ക്ക് നഗരസഭാ ഫണ്ടിൽ നിന്നും നൽകിയതിന് കാരണക്കാരായ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഷാസു ലോൺ സംബന്ധിച്ച ഫയലുകളും മറ്റു രേഖകളും അടിയന്തരമായി സമിതിക്ക് ലഭ്യമാക്കാം എന്ന് തെളിവെടുപ്പുവേളയിൽ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകിയിരുന്നതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം നാളിതുവരെ പാലിച്ചിട്ടില്ല. സമിതി നിർദ്ദേശം പാലിക്കുന്നതിന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല ശിക്ഷാ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 കേരളത്തിൽ വ്യാപകമായി നടത്താനുദ്ദേശിച്ച പദ്ധതിയുടെ ഭാഗമായി നഗരസഭ അപേക്ഷിക്കാതെ തന്നെ നഗരസഭക്ക് യൂണിറ്റുകൾ അനുവദിക്കുകയും എഗ്രിമെന്റ് വച്ച് തുക കൈപ്പറ്റണം എന്നുമുള്ള നിർദ്ദേശ പ്രകാരമാണ് കരാർ ഉടമ്പടി വെച്ചതും ലോൺതുക കൈപ്പറ്റിയത് എന്നും കാണുന്നു. കരാറുടമ്പടിയുടെ പകർപ്പ് ഫയലിൽ ലഭ്യമല്ല. ആയതിനാൽ ഉടമ്പടിയിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. മുനിസിപ്പാലിറ്റിക്ക് നടപ്പാക്കുവാൻ സാധിക്കുന്നതിലും അധികം യൂണിറ്റുകൾക്ക് ഫണ്ട് അനുവദിച്ചതുമൂലം പലതവണ അപേക്ഷ ക്ഷണിച്ചിട്ടും ഗുണഭോക്താവിനെ കണ്ടെത്തുവാൻ നഗരസഭക്ക് കഴിയാതെ വരികയാണുണ്ടായത്. നഗരസഭക്ക് ചെലവഴിക്കുവാൻ സാധിക്കാത്ത തുക തിരിച്ചടക്കുന്നതിന് പ്രത്യേക നിർദ്ദേശമൊന്നുമുണ്ടായില്ല. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കരുതരുതെന്നും അപേക്ഷിക്കുന്നു.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.2.3 കെ. യു. ഡി. എഫ്. സി. യു.-മായി കണ്ണൂർ നഗരസഭ വെച്ച കരാറുടമ്പടിയുടെ പകർപ്പ് ഫയലിൽ കാണുന്നില്ല. ഷാസു ലോൺ സംഖ്യ യഥാസമയം വിനിയോഗിക്കാത്തതിനാൽ 1,63,881 രൂപ പിഴപ്പലിശയായി കെ.യു.ഡി.എഫ്.സി.ക്ക് നഗരസഭാ ഫണ്ടിൽ നിന്നും നൽകിയതിന് കാരണക്കാരായ ഉദ്യോഗസ്ഥനെതിരെ വകുപ്പുതല നടപടികൾ ഒന്നും തന്നെ ഇതുവരെ കൈക്കൊണ്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരം 23-8-2004 ലെ ജി.7-7474/04 നമ്പർ കത്ത് പ്രകാരം അർബൻ അഫയേഴ്സ് ഡയറക്ടർക്ക് നഗരസഭ അയച്ചിട്ടുണ്ട്. മേൽ നടപടിയെ സംബന്ധിച്ച യാതൊരു വിവരവും ഫയലിൽ നിന്നും ലഭ്യമല്ല.

ഷാസു ലോണിനെ സംബന്ധിക്കുന്ന വ്യക്തിഗത തിരിച്ചടവ് രജിസ്റ്റർ പരിശോധിച്ചതിൽ ധാരാളം പേർ തിരിച്ചടവ് നടത്തുന്നതായി കണ്ടില്ല. ഇവരുടെ പേരിൽ എന്തെങ്കിലും നടപടികൾ നഗരസഭ സ്വീകരിച്ചതായും കാണുന്നില്ല.

## 13-12-2006-ലെ യോഗത്തിലെ സമിതി തീരുമാനം

2.2.4 മറുപടി തൃപ്തികരമല്ല എന്നും വകുപ്പുതലത്തിൽ അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്ന ശിപാർശയ്ക്ക് മറുപടി ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ബന്ധപ്പെട്ട ഭരണ വകുപ്പിനോട് നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.5 ഷാസു ലോൺ തിരിച്ചടവിലെ ക്രമക്കേട് - ഉത്തരവാദികൾ

| | | |
|---|---|---|
| നഗരസഭാ സെക്രട്ടറിമാർ | : | 1. എം. എസ്. പ്രഭാകരൻ (റിട്ട.)<br>2. മാനുവൽ വിവേര (റിട്ട.)<br>3. സി. ഇ. ബഷീർ (റിട്ട.) |
| നഗരസഭാ എഞ്ചിനീയർ | : | 1. പി. വി. ഫിലിപ്പ് (റിട്ട.)<br>2. സി. ജെ. കുര്യാക്കോസ് (റിട്ട.)<br>3. ഷെയിക് ഇസ്മയിൽ (കൊച്ചി കോർപ്പറേഷനിൽ ജോലി ചെയ്യുന്നു) |
| സൂപ്രണ്ടുമാർ | : | 1. കെ. സിന്ധു (റിട്ട.)<br>2. വി. എൻ. അയ്യപ്പൻ നായർ (റിട്ടയർ ചെയ്തു. മരിച്ചു) |
| ക്ലാർക്കുമാർ | : | 1. കെ. ഭാസ്കരൻ, യു.ഡി.സി. (റിട്ട.) മരിച്ചു<br>2. കെ. പ്രവീൺകുമാർ, യു.ഡി.സി. ഇപ്പോൾ കണ്ണൂർ നഗരസഭയിൽ സൂപ്രണ്ടായി ജോലി നോക്കുന്നു.<br>3. എൻ. പി. ധർമ്മരാജൻ, യു.ഡി.സി. മട്ടന്നൂർ നഗരസഭയിൽ സൂപ്രണ്ടായി ജോലി ചെയ്യുന്നു.<br>4. പി. എൻ. ആനി. യു.ഡി.സി., കണ്ണൂർ നഗരസഭയിൽ ഹെഡ് ക്ലാർക്കായി ജോലി നോക്കുന്നു. |
| | | നിയമസഭാ സമിതിക്ക് ഫയലുകൾ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറി ശ്രീ. രാജേന്ദ്രകുമാർ (ഇപ്പോൾ നോർത്ത് പറവൂർ നഗരസഭയിൽ ജോലി ചെയ്യുന്നു.) |

## 24-10-2007-ലെ സമിതിയോഗ തീരുമാനം

2.2.6 കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയിന്മേൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം

സമിതിയ്ക്ക് ലഭ്യമാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി ദൗർഭാഗ്യകരമായിപ്പോയി എന്ന് സമിതി അഭിപ്രായപ്പെടുകയും 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും തീരുമാനിച്ചു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

2.2.7 ഷാസു ലോൺ സംഖ്യ യഥാസമയം ഉപയോഗിക്കാതിരുന്ന ഉദ്യോഗസ്ഥരിൽ ബന്ധപ്പെട്ട മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. ഷെയ്ക്ക് ഇസ്മായലിനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ 27-10-2007-ൽ ചാർജ് മെമ്മോ നക്കൽ സമർപ്പിച്ചു കഴിഞ്ഞു. തുടർ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. അതോടൊപ്പം ഉത്തരവാദികളായ സൂപ്രണ്ടുമാരായ പ്രവീൺ കുമാർ, എൻ. പി. ധർമ്മരാജൻ, പി. എൻ. ആനി എന്നിവർക്കെതിരെ നഗരകാര്യ ഡയറക്ടർ നേരിട്ട് 28-10-2007-ൽ ചാർജ് മെമ്മോ ഇഷ്യു ചെയ്തു കഴിഞ്ഞു. സമിതിയ്ക്ക് നൽകിയ ഉറപ്പ് പാലിക്കാതിരുന്ന നഗരസഭാ സെക്രട്ടറി ശ്രീ. രാജേന്ദ്രൻ നായർക്കെതിരെയും വകുപ്പുതല നടപടി സ്വീകരിക്കാൻ നക്കൽ ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ 27-10-2007-ൽ സമർപ്പിച്ചു. തുടർ നടപടികൾ സർക്കാർ സ്വീകരിക്കുന്നു. ഫയലുകളും രേഖകളും സമിതിയ്ക്ക് ലഭ്യമാക്കുവാൻ നഗരസഭാ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>28-11-2007 തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി</u>

2.2.8 1,63,881 രൂപ പിഴപ്പലിശ നഗരസഭാ ഫണ്ടിൽ നിന്നും നൽകിയതിന് കാരണക്കാരനായ ഉദ്യോഗസ്ഥനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് ശ്രീ. ഷെയ്ക്ക് ഇസ്മയിലാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥനെന്ന് കണ്ണൂർ നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ മറുപടി നൽകി. കൂടാതെ ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാ വേളയിൽ നടപടി സ്വീകരിക്കാം എന്ന സമിതി മുമ്പാകെ സമ്മതിക്കുകയും എന്നാൽ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും ചെയ്ത സെക്രട്ടറിയുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് സമിതി ആരായുകയും ഇക്കാലയളവിൽ ശ്രീ. എം. എസ്. പ്രഭാകരൻ, ശ്രീ. മാനുവേൽ വിവേര, ശ്രീ. സി. ഇ. ബഷീർ എന്നിങ്ങനെ മൂന്ന് സെക്രട്ടറിമാർ ചാർജ് വഹിച്ചിരുന്നുവെന്നും നഗരകാര്യ ഡയറക്ടറാണ് ഇവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതെന്നും കണ്ണൂർ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

<u>28-11-2007-ലെ സമിതിയോഗ തീരുമാനം</u>

2.2.9 നിയമസഭാ സമിതിയുടെ മുമ്പാകെ ഉറപ്പു നൽകുന്ന കാര്യങ്ങളിന്മേൽ നടപടി സ്വീകരിക്കുന്നതിൽ സെക്രട്ടറിമാർ വീഴ്ച വരുത്തുന്നത് വളരെ ദൗർഭാഗ്യകരമാണെന്ന്

സമിതി അഭിപ്രായപ്പെടുകയും സെക്രട്ടറിമാർ മാറി മാറി വന്നാലും സമിതി മുമ്പാകെ നൽകുന്ന ഉറപ്പിന്മേൽ നടപടി സ്വീകരിക്കുവാൻ മാറി വരുന്ന ഉദ്യോഗസ്ഥന്മാരും ബാദ്ധ്യസ്ഥരാണെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ചെയ്തു. പിഴപ്പലിശയായി കെ.യു.ഡി.എഫ്.സി.-ക്ക് നഗരസഭാ ഫണ്ടിൽ നിന്നും 1,63,881 രൂപ നൽകാൻ കാരണക്കാരനായ ശ്രീ. ഷെയിക്ക് ഇസ്മയിലിൽ നിന്ന് തുക ഈടാക്കിയതിന്റെ വിവരങ്ങളും സമിതി നിർദ്ദേശം അനുസരിച്ച് ഷാസു ലോൺ സംബന്ധിച്ച ഫയലുകളും മറ്റ് രേഖകളും ലഭ്യമാക്കാത്ത സെക്രട്ടറിമാരുടെ പേരു വിവരങ്ങളും ഷാസു ലോൺ സംബന്ധിച്ച ഫയലുകളും മറ്റ് രേഖകളും 15 ദിവസത്തിനകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

28-11-2007-ലെ സമിതി യോഗ നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള 6-5-2009-ലെ സമിതിയോഗ തീരുമാനം

2.2.10 ഫൈനൽ ക്ലാരിഫിക്കേഷൻ എന്താണെന്ന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയോട് ആരാഞ്ഞു.

സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടി

2.2.11 കണ്ണൂർ നഗരസഭയ്ക്ക് NRY പദ്ധതിയിലെ സ്കീം ഫോർ ഹൗസിംഗ് ആന്റ് ഷെൽട്ടർ അപ്ഗ്രഡേഷൻ (ഷാസു) പ്രകാരം 1993-ൽ അനുവദിച്ച 2100 യൂണിറ്റുകളിൽ 1969 യൂണിറ്റുകൾ മാത്രമെ നഗരസഭയ്ക്ക് വിനിയോഗിക്കുവാൻ സാധിച്ചിരുന്നുള്ളൂ. കെ.യു.ആർ.ഡി.എഫ്.സി. ധനസഹായത്തോടുകൂടി പാവപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് റിപ്പയർ ചെയ്യുന്നതിന് ഒരാൾക്ക് 10 വർഷത്തെ കാലാവധിയോട് കൂടി 3000 രൂപ ലോണായും ലോൺ മുഴുവൻ തിരിച്ചടച്ചു കഴിഞ്ഞാൽ ഐ.വി.പി. ആയി നിക്ഷേപിക്കുന്ന തുക 1000 രൂപ സബ്സിഡി 10 വർഷത്തെ കാലാവധിക്ക് ശേഷം 4000 രൂപയായി ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരിച്ചുനൽകുന്ന പദ്ധതിയാണിത്. ലോൺ തിരിച്ചടവിൽ ഗുണഭോക്താക്കൾ വീഴ്ച വരുത്തുകയാണെങ്കിൽ സബ്സിഡി തുക ലോൺ കുടിശ്ശിക തുകയിലേയ്ക്ക് വകയിരുത്തപ്പെടുന്നതാണ്. 1969 ഗുണഭോക്താക്കളിൽ 298 പേർ ലോൺ കൃത്യമായി അടച്ചിട്ടുള്ളവരാണ്. 2100 യൂണിറ്റുകളിൽ ബാക്കിയായ 131 യൂണിറ്റുകൾ 2-3-1999-ലെ 16-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 6,67,838 രൂപ കെ.യു.ആർ.ഡി.എഫ്.സി.യിലേയ്ക്ക് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. 298 പേർ ഒഴികെയുള്ള ഗുണഭോക്താക്കൾ ലോൺ തുക യഥാസമയം മുഴുവനും തിരിച്ചടയ്ക്കാത്ത സാഹചര്യത്തിലും

കെ.യു.ആർ.ഡി.എഫ്.സി. നിയമപ്രകാരം മൂന്ന് മാസം കൂടുമ്പോൾ ഗഡുക്കളായി ലോൺ തിരിച്ചടയ്ക്കേണ്ടതിനാലും അല്ലാത്ത പക്ഷം പിഴപ്പലിശ നൽകേണ്ടി വരുന്നതിനാലും 1995 മുതൽ 1998 വരെയുള്ള കാലയളവിൽ ലോൺ തിരിച്ചടവിനായി നഗരസഭാ ഫണ്ടിൽ നിന്നും 27,34,821 രൂപ വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്. മുഴുവൻ തുകയും നഗരസഭ കെ.യു.ആർ.ഡി.എഫ്.സി.യിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. ലോൺ തിരിച്ചടവിന് നഗരസഭാ ഫണ്ടിൽ പ്രത്യേക ഹെഡ്ഡിൽ തുക വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ കൗൺസിലിന്റെ പ്രത്യേക അനുമതിയോടെയാണ് തനത് ഫണ്ടിൽ നിന്നും തുക തിരിച്ചടച്ചിട്ടുള്ളത്.

സബ്സിഡി തുക ഐ.വി.പി. ആയി സ്ഥിരനിക്ഷേപമിട്ടതിൽ 4-3-2004-ന് 44,80,000 രൂപ എസ്.ബി.ടി. അക്കൗണ്ട് 70165-ലും 31-3-2004-ന് ട്രഷറിയിലുള്ള 19,66,750 രൂപ പി.എൻ.ബി. അക്കൗണ്ട് 8486-ലും വരവ് വന്നത് വഴി ആകെ 64,46,750 രൂപ നഗരസഭാ ഫണ്ടിൽ വരവ് വന്നിട്ടുണ്ട്.

131 യൂണിറ്റുകൾ വിനിയോഗിക്കാതെ ബാക്കി കിടക്കുന്നതുമൂലം പിഴപ്പലിശ ഇനത്തിൽ ഒടുക്കിയ 1,63,881 രൂപയും ഗുണഭോക്താക്കൾ കൃത്യമായി ലോൺ തിരിച്ചടയ്ക്കാത്തതുമൂലം ലോൺ തിരിച്ചടവിനായി നഗരസഭാ ഫണ്ടിൽ നിന്നും വിനിയോഗിച്ച 27,34,821 രൂപയും കൂടി ആകെ 28,98,707 രൂപ ബാധ്യതയുണ്ടാക്കി എന്ന ഓഡിറ്റ് പരാമർശത്തിന് സബ്സിഡി സ്ഥിര നിക്ഷേപമായി ഇട്ടതിൽ നഗരസഭയ്ക്ക് 64,46,750 രൂപ വരവ് വന്നിട്ടുള്ളതിനാൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടില്ല എന്ന് കാണുന്നു.

ലോൺ തിരിച്ചടവിൽ വീഴ്ച വരുത്തിയ ഏകദേശം 1500 ഗുണഭോക്താക്കൾക്ക് നഗരസഭയിൽ നിന്ന് നോട്ടീസ് നേരത്തെ അയച്ചിരുന്നുവെങ്കിലും പഴയ മേൽവിലാസമായതിനാൽ മിക്കതും തിരിച്ചുവന്നതായി അറിയുന്നു. പ്രസ്തുത ഗുണഭോക്താക്കളുടെ നിലവിലുള്ള മേൽവിലാസം കണ്ടെത്തി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഈ ഘട്ടത്തിൽ പ്രായോഗികമാണെന്ന് കരുതുന്നില്ല. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാനും തീരുമാനമെടുക്കുന്നതിനുമായി വിഷയം നഗരസഭ കൗൺസിൽ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

പ്രസ്തുത കാലയളവിലെ സെക്രട്ടറിമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ ഇതോടൊന്നിച്ച് സമർപ്പിക്കുന്നു.

<u>നഗരസഭാ സെക്രട്ടറിമാർ</u>

1. എം. എസ്. പ്രഭാകരൻ (4-5-1992 മുതൽ 5-6-1997 വരെ)
2. മാനുവൽ വിവേര (12-6-1997 മുതൽ 11-8-1998 വരെ)
3. സി. ഇ. ബഷീർ (17-8-1998 മുതൽ 14-12-2000 വരെ)

<u>നഗരസഭാ എഞ്ചിനീയർമാർ</u>

1. പി. വി. ഫിലിപ്പ് (1-4-1993 മുതൽ 17-8-1993 വരെ) - റിട്ട.
2. സി.ജെ. കുരിയാക്കോസ് (18-8-1993 മുതൽ 1997 വരെ) - റിട്ട.
3. ഷെയ്ക്ക് ഇസ്മായിൽ (12-1997 മുതൽ 31-3-1999 വരെ)

<u>സൂപ്രണ്ടുമാർ</u>

1. കെ സിന്ധു (1-4-1993 മുതൽ 10-7-1996 വരെ) - റിട്ട.
2. വി.എൻ. അയ്യപ്പൻ നായർ (19-9-1996 മുതൽ 31-12-1998 വരെ)

<u>യു.ഡി.ക്ലാർക്കുമാർ</u>

1. കെ. ഭാസ്കരൻ, യു.ഡി.സി. (1-4-1993 മുതൽ 20-4-1994 വരെ)
2. കെ. പ്രവീൺകുമാർ, യു.ഡി.സി. ( 21-4-1994 മുതൽ 30-9-1996 വരെ)
3. എൻ. ധർമ്മരാജൻ, യു.ഡി.സി. (1-10-1996 മുതൽ 28-11-1997 വരെ)
4. പി.എൻ. ആനി. യു.ഡി.സി. (27-11-1997 മുതൽ 26-10-1999 വരെ)

ഇത് സംബന്ധിച്ച വിശദാംശങ്ങൾ കണ്ണൂർ നഗരസഭയിലെ 28-8-2014 തീയതിയിലെ ഇ 4/2015/92 വോള്യം 2 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.2.12 ഹാജരാക്കിയ ഇ 4/2015/92 വോള്യം 2 ഫയൽ പരിശോധിച്ചതിൽ നിന്നും ഷാസു ലോൺ സംഖ്യ യഥാസമയം വിനിയോഗിക്കാത്തതിനാൽ കെ.യു.ആർ. ഡി.എഫ്.സി.യ്ക്ക് നഗരസഭ ഫണ്ടിൽ നിന്നും 1,63,881 രൂപ പിഴ പലിശ നൽകാൻ കാരണക്കാരനായ ഉദ്യോഗസ്ഥൻ ശ്രീ. ഷെയ്ക്ക് ഇസ്മയിൽ നിന്നും തുക ഈടാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു. കണ്ണൂർ നഗരസഭയുടെ മറുപടിയിൽ പറഞ്ഞിരിക്കുന്ന സബ്സിഡി

തുക ഐ.വി.പി. ആയി സ്ഥിര നിക്ഷേപമിട്ടതിൽ 10-3-2004-ന് 44,80,000 രൂപ എസ്.ബി.ടി അക്കൗണ്ടിലും (അക്കൗണ്ട് നമ്പർ 70145) 31-3-2004-ന് ട്രഷറിയിലുള്ള 19,66,750 രൂപ പി.എൻ.ബി.യിൽ അക്കൗണ്ടിലും (8486) വരവ് വന്നത് വഴി ആകെ 64,46,750 രൂപ നഗരസഭ ഫണ്ടിൽ വരവിൽ വന്നിട്ടുണ്ട് എന്നത് പാസ്സ് ബുക്ക് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്. യൂണിറ്റുകൾ വിനിയോഗിക്കാതെ ബാക്കി കിടക്കുന്നതുമൂലം പിഴ പലിശ ഇനത്തിൽ ഒടുക്കിയ 1,63,881 രൂപ കാരണക്കാരനായ ഉദ്യോഗസ്ഥൻ ശ്രീ. ഷെയ്ക്ക് ഇസ്മയിലിനെതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് അറിയിക്കുന്നു.

**തുടർശിപാർശ**

**2.2.13 ഷാസു (Scheme for Housing and Shelter upgradation) ലോൺ സംഖ്യ യഥാസമയം വിനിയോഗിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്നും 1,63,881 രൂപ കെ.യു.ആർ.ഡി.എഫ്.സി.ക്ക് പിഴപ്പലിശ നൽകാൻ കാരണക്കാരായ ഉദ്യോഗസ്ഥൻ ശ്രീ. ഷെയിക് ഇസ്മയിലിന് എതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 48**

ശിപാർശ

2.3.1 ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കാൻ അനാവശ്യമായി ക്വട്ടേഷനും, പുനഃക്വട്ടേഷനുമായി നഗരസഭ വിനിയോഗിച്ച തുക അധിക ചെലവായി കണക്കാക്കി ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.3.2 നഗരസഭാ ഓഫീസിലേയ്ക്ക് ജനറേറ്റർ സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ വിളിക്കുകയും ആയതിൽ മെ.റെയിഡ്കോവിന്റെ ക്വട്ടേഷൻ 14-8-1998-ലെ 21-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സപ്ലൈ ചെയ്തതിനു ശേഷം ടി ജനറേറ്റർ സ്ഥാപിക്കുന്നത് നഗരസഭാ കാര്യാലയത്തിന്റെ പരിസരത്തുള്ള കോടതിയ്ക്ക് ശബ്ദമലിനീകരണം ഉണ്ടാകുമെന്ന കാരണത്താൽ ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം തിട്ടപ്പെടുത്തുന്നതിൽ കാലതാമസം നേരിടുകയാണുണ്ടായത്. എങ്കിലും നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിഗമന പ്രകാരം ക്വട്ടേഷനും പുനഃക്വട്ടേഷനുമായി നഗരസഭ വിനിയോഗിച്ച തുക (2600 രൂപ) ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.3.3 ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കാൻ അനാവശ്യമായി ക്വട്ടേഷൻ വിളിച്ചതിന് ചെലവായ തുകയ്ക്ക് ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ ഷെയ്ക്ക് ഇസ്മയിൽ ഇപ്പോൾ ജോലി ചെയ്യുന്നത് കൊച്ചി കോർപ്പറേഷനിലാണ്. മുനിസിപ്പൽ സെക്രട്ടറിയുടെ 22-5-2006-ലെ ഇ.2-15829/97 നമ്പർ കത്ത് പ്രകാരം തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റു തുടർനടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.3.4 ജനറേറ്റർ സ്ഥാപിക്കുന്നതിനും കെട്ടിടം നിർമ്മിക്കുവാൻ അനാവശ്യമായി ക്വട്ടേഷൻ വിളിച്ചതിനും ചെലവായ തുക ഉത്തരവാദിയായ മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. ഷെയ്ക്ക് ഇസ്മയിലിൽ നിന്ന് തിരിച്ചു പിടിക്കാൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

2.3.5 ജനറേറ്റർ സ്ഥാപിക്കുന്നതിന്റെ ക്വട്ടേഷൻ സംബന്ധിച്ച് അധികമായി ചെലവഴിച്ച 2600 രൂപ ബന്ധപ്പെട്ട എഞ്ചിനീയർ ശ്രീ. ഷെയ്ക്ക് ഇസ്മായിലിൽ നിന്നും 7-11-2007-ലെ 112173/10 നമ്പർ രസീതു പ്രകാരം ഈടാക്കിയിട്ടുണ്ട്.

**തുടർശിപാർശ**

**2.3.6 നഷ്ടോത്തരവാദിയിൽ നിന്നും നഷ്ടത്തുക ഈടാക്കിയ വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 49**

<u>ശിപാർശ</u>

2.4.1 വ്യക്തമായ ധാരണയോ ചെയ്യേണ്ട പ്രവൃത്തിയെക്കുറിച്ചുള്ള രൂപരേഖയോ ഇല്ലാതെ തിടുക്കത്തിൽ തീരുമാനങ്ങളെടുക്കുകയും ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കാനാവാതെ ഫണ്ട് ദുരുപയോഗം ചെയ്യുന്ന സമീപനം ആണ് നഗരസഭാ അധികൃതരുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളതെന്നും ഇത്തരത്തിലുള്ള സമീപനം നഗരസഭയുടെ സാമ്പത്തിക താല്പര്യങ്ങൾക്ക് നിരക്കാത്തതും വികസനത്തിന് തടസ്സമുണ്ടാക്കുന്നതുമാണ്. ഇത്തരത്തിലുള്ള ദുർവ്യയം നഗരസഭാ വികസനത്തെ ദുർബലപ്പെടുത്തുന്നതിന് ഇടയാക്കുമെന്നും സമിതി കരുതുന്നു. ഇത്തരത്തിലുള്ള പിഴവുകൾ ഉണ്ടാകാതിരിക്കാൻ വകുപ്പുതലത്തിൽ ആവശ്യമായ നിർദ്ദേശം യഥാസമയം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>24-10-2007-ലെ സമിതിയോഗ തീരുമാനം</u>

2.4.2 പ്രസ്തുത ഖണ്ഡികയിന്മേൽ 28-11-2007-ൽ മുനിസിപ്പൽ ഡയറക്ടർ, അർബൻ അഫയേഴ്സ് സെക്രട്ടറി എന്നിവരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ചു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

2.4.3. ഇത്തരത്തിലുള്ള പാഴ് ചെലവുകൾ ഒഴിവാക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ അടങ്ങുന്ന ഒരു പൊതു സർക്കുലർ (സർക്കുലർ നമ്പർ എഫ്.2-2922/06, തീയതി 8-2-2007) നഗരകാര്യ ഡയറക്ടർ 8-2-2007-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി</u>

2.4.4 ഏറ്റെടുക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തമായ ധാരണയോ, രൂപരേഖയോ ഇല്ലാതെ തിടുക്കത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ വരുകയും ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുകയുമാണ് ചെയ്യുന്നതെന്നും ഇതിനെതിരെ വകുപ്പുതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും സമിതി ആരാഞ്ഞതിന് ഇത്തരത്തിലുള്ള ദുർവിനിയോഗം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കർശനമായ നിർദ്ദേശം 2007 ഫെബ്രുവരി 2-ന് നഗരസഭകൾക്ക് നൽകിയിട്ടുണ്ടെന്നും 2007 ജൂൺ 28-ന് ഒരു സർക്കാർ നിർദ്ദേശവും നൽകിയിട്ടുണ്ട് എന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

<u>28-11-2007-ലെ സമിതി യോഗ തീരുമാനം</u>

2.4.5 ഏറ്റെടുക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തമായ ധാരണയോ രൂപരേഖയോ ഇല്ലാതെ തിടുക്കത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ വരികയും ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നതിനെതിരെ വകുപ്പു തലത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

<u>28-11-2007-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

2.4.6 ഏറ്റെടുക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തമായ ധാരണയോ രൂപരേഖയോ ഇല്ലാതെ തിടുക്കത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ വരികയും ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നതിനെതിരെ നഗരകാര്യ ഡയറക്ടറുടെ 8-2-2007-ലെ സി4/2966/06-ാം നമ്പർ സർക്കുലർ മുഖേന എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ഈ ഓഫീസിലെ 27-8-2014-ലെ എഫ്.2/2966/06/ന.കാ.വ. നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.4.7 ഇത് സംബന്ധിച്ച് വിശദാംശങ്ങൾ അടങ്ങിയ 27-8-2014-ലെ എഫ്.2/2966/06/ന.കാ.വ. നമ്പർ കത്ത് ഈ ഓഫീസിന് ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു. സമിതി നിർദ്ദേശിച്ചത് പ്രകാരം ഫണ്ട് ദുരുപയോഗം ചെയ്യുന്നതിനെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഈ ഓഫീസിന് ലഭ്യമായിട്ടില്ല എന്നും ബോധിപ്പിക്കുന്നു.

**തുടർശിപാർശ**

**2.4.8 ഏറ്റെടുക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തമായ ധാരണയോ രൂപരേഖയോ ഇല്ലാതെ തിടുക്കത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ വരികയും ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നത് ഒഴിവാക്കുവാൻ നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 8-2-2007-ലെ സി4/2966/06 നമ്പർ സർക്കുലറിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 66**

ശിപാർശ

2.5.1 കർത്തവ്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ മുൻ മുനിസിപ്പൽ സെക്രട്ടറിക്കെതിരെ മുനിസിപ്പൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് മേൽ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇതിലേയ്ക്കായി ബന്ധപ്പെട്ട ഫയലുകൾ ഡയറക്ടർക്ക് നൽകി കൗൺസിൽ തീരുമാനം അടിയന്തരമായി സമിതിയെ അറിയിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.5.2 1995-96, 1996-97, 2001-02 എന്നീ വർഷങ്ങളിലെ ആദായ നികുതി യഥാസമയം അടയ്ക്കാത്തതുമൂലം ഉണ്ടായ 63,992 രൂപ പിഴപ്പലിശ മുനിസിപ്പൽ ഫണ്ടിൽ നിന്നും ഒടുക്കിയത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ച ഇ 2-8136/98 നമ്പർ ഫയൽ ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദികളായ ശ്രീ. സി. ആർ. വെങ്കിടേശ്വരൻ, ശ്രീ. കെ. പത്മനാഭൻ എന്നിവർക്ക് യഥാക്രമം ഷൊർണ്ണൂർ നഗരസഭ, കാഞ്ഞങ്ങാട് നഗരസഭകളിലേയ്ക്ക് മെമ്മോ അയച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. പിഴപ്പലിശ മുനിസിപ്പൽ ഫണ്ടിൽ നിന്നും ഒടുക്കിയത് സംബന്ധിച്ച നടപടികൾ സ്വീകരിച്ച ഇ 2-8136/ 98-ാം നമ്പർ ഫയൽ കണ്ടെത്താൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ഫയൽ ലഭ്യമാക്കുന്നതിനായി അന്ന് ഉണ്ടായിരുന്ന സെക്ഷൻ ക്ലാർക്കുമാരുടെ പേരിൽ മെമ്മോ അയച്ചതായി കാണുന്നു. മേൽ വിവരങ്ങൾ 25-5-2006-ലെ മുനിസിപ്പൽ സെക്രട്ടറിയുടെ ജി2-ഓഡിറ്റ്/11049/2006 കത്തു പ്രകാരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

തുടർ നടപടികൾ ഉണ്ടായതായോ കൗൺസിൽ തീരുമാനം എടുത്തതായോ ബോദ്ധ്യപ്പെടുത്തിയിട്ടില്ല.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.5.4 കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയ മുൻ മുനിസിപ്പൽ സെക്രട്ടറിമാരായ ശ്രീ.സി.ആർ. വെങ്കിടേശ്വരൻ, ശ്രീ. കെ. പത്മനാഭൻ എന്നിവർക്കെതിരെ മുനിസിപ്പൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് അടിയന്തര നടപടി സ്വീകരിക്കുന്നതിന് ഇതിലേയ്ക്കായി ബന്ധപ്പെട്ട ഫയലുകൾ ഡയറക്ടർക്ക് നൽകി കൗൺസിൽ തീരുമാനം അടിയന്തരമായി സമിതിയെ അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന് സർക്കാർ സമർപ്പിച്ച മറുപടി</u>

2.5.5 പയ്യന്നൂർ നഗരസഭയിൽ 1995, 1996, 1997, 2001-02 വർഷങ്ങളിലെ ആദായനികുതി യഥാസമയം അടയ്ക്കാത്തതിനാൽ 63,992 രൂപ പിഴ പലിശയിനത്തിൽ അടയ്ക്കേണ്ടിവന്നതിന് ഉത്തരവാദിയായ മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ നായർക്കെതിരെ നിയമസഭാ സമിതി നടപടി ശിപാർശ ചെയ്തിരുന്നു. എന്നാൽ ടിയാൻ നഗരസഭയിൽ ചാർജെടുത്തത് 15-6-1995-ലും ചാർജ് വിടുതൽ ചെയ്തത് 16-1-1996 മുതലുമാണ്. 1996-97, 2001-02 വർഷങ്ങളിലെ ആദായനികുതി ഒടുക്കുന്നതിൽ വന്ന കാലതാമസത്തിന് ഉത്തരവാദി ശ്രീ. രാജേന്ദ്രൻ നായർ അല്ല. 15-6-1995 മുതൽ 16-1-1996 വരെ പിരിച്ചെടുത്ത ആദായനികുതി യഥാസമയം അടയ്ക്കാതിരുന്നതും അത്തരം ഒരു കുടിശ്ശിക നിലവിലുണ്ടെന്ന് ശേഷം ചാർജെടുത്ത സെക്രട്ടറിയെ അറിയിക്കാതിരുന്നതും ടിയാന്റെ ഭാഗത്തെ വീഴ്ചയാണ്. എങ്കിലും 1995-96-ലെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ആദായനികുതി അടയ്ക്കേണ്ടത് ശ്രദ്ധയിൽപ്പെടേണ്ടതും അടയ്ക്കേണ്ടതുമായിരുന്നു. അപ്രകാരം ചെയ്യാതിരുന്നത് ടിയാന് ശേഷം ചാർജെടുത്ത സെക്രട്ടറിയുടെ വീഴ്ചയാണെന്നും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ പിഴപ്പലിശ ഒഴിവാക്കാമായിരുന്നു

എന്നും മനസ്സിലാക്കാവുന്നതാണ്. കൂടാതെ 1996-97, 2001-02 വർഷങ്ങളിലെ ആദായ നികുതി ഒടുക്കുന്നതിൽ വന്ന കാലതാമസത്തിന് ശ്രീ. രാജേന്ദ്രൻ നായർ മാത്രമല്ല ഉത്തരവാദിയെന്ന് 24-12-2008-ൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നടത്തിയ ഹിയറിംഗിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ വിവരിച്ച വസ്തുതയുടെ അടിസ്ഥാനത്തിലും ഹിയറിംഗിൽ ബോദ്ധ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങളും കുറ്റാരോപിതൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യവും പരിഗണിച്ചുകൊണ്ടും ഇക്കാര്യത്തിൽ ദയാപരമായ സമീപനം സ്വീകരിച്ചുകൊണ്ടും റിട്ട.മുനിസിപ്പൽ സെക്രട്ടറി ശ്രീ. രാജേന്ദ്രൻ നായരെ 13-1-2009-ലെ സ.ഉ. (സാധാ.) 114/2009/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം കുറ്റാരോപണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

ടി വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കോടതിയിൽ ഒ.പി. (എൽഎഫ്എ) 240/2008 നമ്പറായി കേസ് നിലവിലുണ്ട്. ആയതിന്റെ തെളിവിലേയ്ക്കായി സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ്, 95-96 മുതൽ 97-98 വരെയുള്ള ക്യാഷ് ബുക്കുകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്. ടി കേസ് നാളിതുവരെ തീർപ്പാക്കിയിട്ടില്ല എന്നും കേസ് 2013 ജൂൺ മാസം 15-ാം തീയതിയിലേയ്ക്ക് മാറ്റിവച്ചിട്ടുണ്ടെന്നും നഗരസഭയുടെ സ്റ്റാന്റിംഗ് കൗൺസിൽ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.5.6 1995-96, 1996-97 വർഷങ്ങളിലെ ആദായ നികുതി യഥാസമയം ഒടുക്കാതിരുന്നതുവഴി പിഴപ്പലിശ ഒടുക്കേണ്ടിവന്നതിനാൽ നഗരസഭയ്ക്കുണ്ടായ അധിക ചെലവ്, തുക ഒടുക്കേണ്ടിയിരുന്ന കാലയളവിൽ നഗരസഭാസെക്രട്ടറിയായിരുന്ന ശ്രീ. ടി. ജയചന്ദ്രകുമാറിൽ നിന്ന് ഈടാക്കാൻ നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ഹെഡ് ഓഫീസിലെ എൽ.എഫ്-17903/സ്പെ.സെൽ/എസ്.സി16/2014 തീയതി 9-9-2008 പ്രകാരം ശ്രീ. ടി.വി. ജയചന്ദ്രകുമാറിന്റെ പേരിൽ സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

എന്നാൽ നടപടി വിശദീകരണപത്രികയിൽ 'ഉത്തരവാദിയായ മുനിസിപ്പൽ സെക്രട്ടറി ശ്രീ. രാജേന്ദ്രൻ നായർക്കെതിരെ നിയമസഭാ സമിതി നടപടി ശിപാർശ ചെയ്തിരുന്നു' എന്ന് രേഖപ്പെടുത്തിക്കാണുന്നു.

ശ്രീ. ജി. രാജേന്ദ്രൻ നായർ 16-1-1996 തീയതിയിൽ പയ്യന്നൂർ നഗരസഭയിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടിരുന്നു. 9-2-1996 മുതൽ 19-7-1999 വരെ ശ്രീ. ടി. വി. ജയചന്ദ്രകുമാറാണ് നഗരസഭയിൽ സെക്രട്ടറിയുടെ ചുമതല നിർവഹിച്ചത്. ശ്രീ. ജി. രാജേന്ദ്രൻ നായരെ

മുകളിൽ പരാമർശിച്ച നഷ്ടത്തിന് ഉത്തരവാദിയായി കണ്ടെത്തിയിട്ടില്ലാത്തതിനാലും നടപടി വിശദീകരണ പത്രികയിൽ ശ്രീ. രാജേന്ദ്രൻ നായരെ ഉത്തരവാദിയായി കണ്ടെത്തിയത് എങ്ങനെ എന്ന് വ്യക്തമല്ല. ഈ സാഹചര്യത്തിൽ ത.സ്വ.ഭ.വ. (ഇ.യു) വകുപ്പിന്റെ 13-1-2009 ലെ സ. ഉ.(സാധ.) നമ്പർ 114/2009/ത.സ്വ.ഭ.വ. പ്രകാരം ശ്രീ. രാജേന്ദ്രൻ നായരെ ഒഴിവാക്കാവുന്നതാണ് എന്ന് അഭിപ്രായം അറിയിക്കുന്നു.

**തുടർശിപാർശ**

**2.5.7 പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ എപ്രകാരമാണ് കണ്ടെത്തിയതെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കോടതിയിൽ നിലവിലുള്ള കേസ് ആരാണ് കൊടുത്തതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കണമെന്നും യഥാർത്ഥ നഷ്ടോത്തരവാദിക്കെതിരെ നടപടി എടുത്ത് റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 90**

<u>ശിപാർശ</u>

2.6.1 പൊതുമുതൽ ദുർവിനിയോഗം ചെയ്യുന്നതിന്റെ മികച്ച ഉദാഹരണമാണ് വാഹനലേലമെന്നും മുനിസിപ്പൽ ഓഫീസിന്റെ കെടുകാര്യസ്ഥതയാണ് ഇത് വെളിവാക്കുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു. ബന്ധപ്പെട്ട ഫയലുകൾ നഗരസഭാ സെക്രട്ടറി പരിശോധിച്ചശേഷം ഇതിന് വീഴ്ച വരുത്തിയത് ആരാണെന്നുള്ളത് കണ്ടെത്തി ഡയറക്ടറെ അറിയിക്കണമെന്നും ഡയറക്ടറുടെ പരിശോധനക്കുശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.6.2 നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന് ശേഷം 12-6-2006-ന് നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് അയച്ചുകൊടുത്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല. നഗരസഭയുടെ മറുപടി തൃപ്തികരമല്ല. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ കണ്ടെത്തി ഭരണ വകുപ്പ് ഡയറക്ടർ എത്രയും വേഗം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.6.4 പ്രസ്തുത ശിപാർശയിന്മേൽ അടിയന്തര റിപ്പോർട്ട് ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

<u>13-12-2006 -ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്നു ലഭിച്ച മറുപടി</u>

2.6.5 ബന്ധപ്പെട്ട വിഷയത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർ സെക്രട്ടറി ശ്രീ. എം. എ. ശ്രീധരൻ നായർ, മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. വേലുസ്വാമി എന്നിവരാണെന്ന് കണ്ടെത്തി അവർക്കെതിരെ വിജിലൻസ് വകുപ്പ് തന്നെ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നു. വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ട് (നമ്പർ ഇ 13(വി.ഇ)14/05/ കെ.എൻ.ആർ / 22580/05 തീയതി 26-4-2007) ന്റെ അടിസ്ഥാനത്തിൽ മേൽ ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ 17-9-2007 54700 (ഇയു)07/ത.സ്വ.ഭ.വ. നമ്പരായി കുറ്റാരോപണ പത്രിക നൽകി നടപടികൾ തുടർന്നു വരുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.6.6 സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു. ഇപ്പോഴത്തെ നില നഗരസഭയിൽ ലഭ്യമല്ല.

**തുടർശിപാർശ**

**2.6.7 സമിതിയുടെ ശിപാർശയിന്മേലുള്ള തുടർ നടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 144, 145**

<u>ശിപാർശ</u>

2.7.1 എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ വീഴ്ച വരുത്തിയ മുനിസിപ്പൽ എഞ്ചിനീയർക്ക് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ലെന്നും, ടിയാൾക്ക് നോട്ടീസ് കൊടുത്ത് വിശദീകരണം തേടേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

2.7.2 ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും മുഴുവൻ റിട്ടയർമെന്റ് ആനുകൂല്യങ്ങളും കൈപ്പറ്റാൻ കൺവീനർ കൂടിയായ പ്രധാന അധ്യാപികക്ക് എൻ.എൽ.സി. കൊടുത്ത് സഹായിച്ച ഉദ്യോഗസ്ഥർക്കെതിരെയും നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തെളിവെടുപ്പ് വേളയിൽ സമിതിയിൽ ഹാജരായി ബന്ധപ്പെട്ട വിഷയത്തിൽ തെളിവു നൽകിയ സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.7.3 <u>കോതമംഗലം ജി.എൽ.പി. സ്കൂൾ അറ്റകുറ്റപ്പണി- ഉത്തരവാദികൾ</u>

1. ശ്രീമതി എം. സാവിത്രിക്കുട്ടി (റിട്ട), പ്രധാന അദ്ധ്യാപിക, കോതമംഗലം.

2. ശ്രീ. ജോർജ്. ഇ. ഡി (അസി.എഞ്ചിനീയർ, കണ്ണൂർ)

നഗരസഭാ സമിതി മുമ്പാകെ തെളിവ് നൽകിയ സെക്രട്ടറി-ശ്രീ. കെ.വി. എസ്. ശിവൻ.

24-10-2007-ലെ സമിതിയോഗ നിർദ്ദേശം

2.7.4 സമിതിയുടെ ശിപാർശയായ കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കണമെന്നതിന്മേൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം സമിതിക്ക് ലഭ്യമാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി ദൗർഭാഗ്യകരമായി പ്പോയിയെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച് 28-11-2007-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും തീരുമാനിച്ചു.

23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ സ്വീകരിച്ച നടപടി

2.7.5 ബന്ധപ്പെട്ട എഞ്ചിനീയർക്ക് നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകുകയും എഞ്ചിനീയർ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. 10 ശതമാനം ലാഭവിഹിതം ഉൾപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം കൺവീനർ വഴി പണി നടത്തുകയുണ്ടായി എന്നത് ടിയാൾ സമ്മതിക്കുന്നു. ശരിയാണ്. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ അളവിനെക്കാൾ കൂടുതൽ പണികൾ നടത്തിയിട്ടുണ്ട് എന്നും ആയതിനാൽ നഷ്ടം സംഭവിച്ചിട്ടില്ല എന്നും എഞ്ചിനീയർ അറിയിക്കുന്നു. മെഷർമെന്റ് ബുക്ക്, ബിൽ എന്നിവയിൽ കൂടുതലായി പണി നടന്നിട്ടുള്ളത് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഇക്കാര്യം സ്ഥാപിക്കാൻ കഴിയൂ. എന്നാൽ മേൽ രേഖകൾ പരിശോധിച്ച് ലഭിച്ചിട്ടില്ല എന്ന് സെക്രട്ടറി അറിയിക്കുന്നു.

നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം താഴെ എഴുതിയിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന അദ്ധ്യാപികയ്ക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ വാങ്ങാൻ സൗകര്യങ്ങൾ ചെയ്ത വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകാൻ നഗരസഭാ സെക്രട്ടറിക്ക് 26-7-2007-ൽ നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. നഗരസഭാ സെക്രട്ടറി 13-11-2007-ൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ആയതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതേസമയം ഓഡിറ്റ് തടസ്സവാദം ലഭിച്ച ഉടൻ മുനിസിപ്പൽ സെക്രട്ടറി, പ്രധാന അദ്ധ്യാപികയ്ക്ക് ആഡിറ്റ് തടസ്സം നീക്കുന്നതിനുള്ള നോട്ടീസ് നൽകിയിരുന്നു ടിയാൾ തുക തിരിച്ചടച്ചില്ല. ഉടനടി തന്നെ ടിയാളിൽ നിന്നും തുക ഈടാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് മേലധികാരികളെ അറിയിക്കാതിരുന്നതാണ് ടിയാൻ ആനുകൂല്യങ്ങളോടെ റിട്ടയർ ചെയ്ത് പോകുവാൻ കാരണമായത്. ആയതിനുള്ള ഉത്തരവാദി വിദ്യാഭ്യാസ വകുപ്പ് അധികൃതരേക്കാൾ എസ്റ്റിമേറ്റ് തയ്യാറാക്കിയ നഗരസഭാ എഞ്ചിനീയറാണെന്ന് കാണുന്നു. ടിയാൾ ഇപ്പോൾ സർവ്വീസിൽ ഉണ്ട്. ടിയാൻ മറുപടി നൽകിയിരിക്കുന്ന പ്രകാരം അധിക പണികൾ

ചെയ്തിട്ടില്ലെങ്കിൽ ടി തുക ടിയാന്റെ ബാദ്ധ്യതയായി ഈടാക്കുന്നതാണ്. സമിതി മുമ്പാകെ തെളിവ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത സെക്രട്ടറി ശ്രീ.കെ.വി.എസ്. ശിവനെതിരെ നടപടികൾക്കായി ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ നൽകിയിട്ടുമുണ്ട്. എങ്കിലും ടിയാനെ, മുൻഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം നിർബന്ധിത പെൻഷൻ നൽകി പിരിച്ചയച്ചിരിക്കുന്നു.

## 28-11-2007-ലെ യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

2.7.6 ആഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടും മുഴുവൻ റിട്ടയർമെന്റ് ആനുകൂല്യങ്ങളും കൈപ്പറ്റാൻ കൺവീനർ കൂടിയായ പ്രധാന അധ്യാപികയ്ക്ക് എൻ.എൽ.സി. കൊടുത്ത് സഹായിച്ച ഉദ്യോഗസ്ഥനാരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന് വിദ്യാഭ്യാസ ഓഫീസറെ വിവരങ്ങളെല്ലാം അറിയിച്ചിരുന്നുവെങ്കിലും അവർക്കെതിരെ നടപടി സ്വീകരിക്കാതെയാണ് ആനുകൂല്യങ്ങളെല്ലാം നൽകിയത് എന്ന് കൊയിലാണ്ടി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. നഗരസഭാ സെക്രട്ടറിമാരെ കുറ്റക്കാരായി നിയമസഭാ സമിതിയുടെ പല റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിക്കുന്നതുകൊണ്ട് കർശനമായ ശിക്ഷണ നടപടികളുണ്ടാകുമെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതായി നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു.

## 28-11-2007-ലെ സമിതിയോഗ നിർദ്ദേശം

2.7.7 സമിതി മുമ്പാകെ തെളിവ് നൽകി റിപ്പോർട്ട് വരുമ്പോൾ ഒന്നും മിണ്ടാതിരിക്കുകയും ഫോളോ അപ് ആക്ഷൻ എടുക്കാതിരിക്കുകകയും ചെയ്യുന്ന സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു. സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും, 1-6-2002-ൽ നടപടി സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിരുന്നതായി പറയുന്ന കത്ത്, എം ബുക്ക് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി, ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം തുടങ്ങിയവ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## തുടർശിപാർശ

**2.7.8 സമിതി മുമ്പാകെ തെളിവ് നൽകി റിപ്പോർട്ട് വരുമ്പോൾ ഒന്നും മിണ്ടാതിരിക്കുകയും ഫോളോ അപ് ആക്ഷൻ എടുക്കാതിരിക്കുകകയും ചെയ്യുന്ന സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടറോട് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും, 1-6-2002-ൽ നടപടി സ്വീകരിക്കുന്നതിനായി**

**വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിരുന്നതായി പറയുന്ന കത്ത്, എം ബുക്ക് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി, ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം തുടങ്ങിയവ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 174**

<u>ശിപാർശ</u>

2.8.1 പദ്ധതി നിർവ്വഹണത്തിൽ ധനവിനിയോഗവുമായി ബന്ധപ്പെട്ട് പ്രഥമദൃഷ്ട്യാ കുറ്റക്കാരനായ മുനിസിപ്പൽ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാനെതിരെ സർചാർജ് നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.8.2 മുനിസിപ്പൽ സെക്രട്ടറിയുടെ 29-5-2006-ലെ എ 1-4412/06-ാം നമ്പർ കത്ത് പ്രകാരം മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും തുക ഈടാക്കണമെന്ന് ആവശ്യപ്പെട്ട് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

2.8.3 തുക ഈടാക്കുന്നതിനു വേണ്ടി അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. റ്റി.പി. സതീശന് അയച്ച സർചാർജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. സതീശൻ വയനാട് ജില്ലാ കോടതിയിൽ ഒ.പി.39/03-ാം നമ്പരായി ഫയൽ ചെയ്ത കേസ് നടന്നു വരുന്നു.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

2.8.4 തുക ഈടാക്കുന്നതിനു വേണ്ടി അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. പി. സതീശന് അയച്ച സർചാർജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. സതീശൻ വയനാട് ജില്ലാ കോടതിയിൽ ഒ.പി.39/03-ാം നമ്പരായി ഫയൽ ചെയ്ത കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തായിയെന്ന് സമിതി ആരാഞ്ഞു.

**തുടർശിപാർശ**

**2.8.5 തുക ഈടാക്കുന്നതിനു വേണ്ടി അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. പി. സതീശന് അയച്ച സർചാർജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. സതീശൻ, വയനാട് ജില്ലാ കോടതിയിൽ ഫയൽ ചെയ്ത ഒ.പി.39/03-ാം നമ്പർ കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 178**

ശിപാർശ

2.9.1 വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.9.2 വിജിലൻസിൽ നിന്നും ബന്ധപ്പെട്ട ഫയൽ തിരിച്ചു കിട്ടി.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.9.3 വിജിലൻസ് റിപ്പോർട്ട് നൽകിയിട്ടില്ല.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.9.4 വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.9.5 വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**ഖണ്ഡിക നമ്പർ 184**

ശിപാർശ

2.10.1 വകുപ്പുതല അന്വേഷണം നടത്തി റിക്കവറി നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.10.2 മുനിസിപ്പൽ സെക്രട്ടറിയുടെ 5-5-2004-ലെ 5585/04-ാം നമ്പർ കത്ത് പ്രകാരം തുക അടയ്ക്കുന്നതിന് അന്നത്തെ സെക്രട്ടറി ശ്രീ. ശിവശങ്കരവീരശൈവനെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ച് അർബൻ അഫയേഴ്സ് ഡയറക്ടറുടെ 10-1-2005-ലെ ബി-8, 9407/04-ാം നമ്പർ കത്തു പ്രകാരം നഷ്ടം വന്ന 11968 രൂപ അടയ്ക്കുന്നതിന് ശ്രീ. ശിവശങ്കരവീരശൈവന് നോട്ടീസ് അയച്ചിട്ടുണ്ട്. സെക്രട്ടറിയുടെ 23-11-2005-ലെ ആർ-1/5585/04-ാം നമ്പർ കത്ത് പ്രകാരം ഈ ഇനത്തിൽ ആകെ വന്ന നഷ്ടം 11968 രൂപ ആണെന്ന് അന്നത്തെ നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.10.3 മുനിസിപ്പൽ സെക്രട്ടറി 23-11-2005-ന് നഗരകാര്യ ഡയറക്ടർക്ക് കത്ത് അയച്ചതിനു ശേഷം തുടർനടപടികളൊന്നും എടുത്തിട്ടില്ല.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

2.10.4 ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളെക്കുറിച്ചുള്ള അന്തിമ റിപ്പോർട്ട് സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.10.5 പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു.**

**ഖണ്ഡിക നമ്പർ 189**

ശിപാർശ

2.11.1 ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റിപ്പോർട്ട് 30 ദിവസത്തിനകം കമ്മിറ്റിക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടും അഞ്ചുമാസത്തെ കാലയളവിനുശേഷവും ടി റിപ്പോർട്ട് ഹാജരാക്കുകയോ, ഹാജരാകാത്തതിന്റെ കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട വകുപ്പ് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

2.11.2 31-3-2006 വരെയുള്ള നികുതി അടച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

2.11.3 ഫയലുകൾ പരിശോധിച്ചതിൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ പറഞ്ഞ പ്രകാരം 92-93 മുതൽ 97-98 വരെയുള്ള നികുതികൾ ഈടാക്കാതെ 98-99 മുതലുള്ള നികുതിയാണ് ഈടാക്കിയിട്ടുള്ളതായി കാണുന്നത്. അസസ്മെന്റ് രജിസ്റ്ററിൽ 1-4-1992 മുതൽ നികുതി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ എഴുതിയിട്ടില്ല.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.11.4 1992-93 മുതൽ 1997-98 വരെയുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ സമിതി ആവശ്യപ്പെട്ടു.

**തുടർശിപാർശ**

**2.11.5 1992-93 മുതൽ 1997-98 വരെയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും പ്രസ്തുത കാലയളവിലെ നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു.**

അദ്ധ്യായം III

സർക്കാരിന്റെ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ലെന്ന് സമിതി തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും.

**ഖണ്ഡിക നമ്പർ 7**

ശിപാർശ

3.1.1 നഗരസഭയുടെ വരവു ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളെല്ലാം കോൺട്രാക്ട് അടിസ്ഥാനത്തിലാണ് തയ്യാറാക്കുന്നതെന്നതിനാൽ ബന്ധപ്പെട്ട രേഖകളെല്ലാം പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും നിലവിലുള്ള കോൺട്രാക്ട് ഫലപ്രദമല്ലെങ്കിൽ വേറൊരു ഏജൻസിയെ കോൺട്രാക്ട് ഏല്പിക്കണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. പ്രധാനപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായും ചിട്ടയായും എഴുതി സൂക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.1.2 പ്രധാനപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായും ചിട്ടയായും എഴുതി സൂക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തണമെന്ന സമിതിയുടെ നിർദ്ദേശം പാലിക്കുന്നതാണ്. പ്രധാനപ്പെട്ട രജിസ്റ്ററുകളും രേഖകളും ഇപ്പോൾ കൃത്യമായി സൂക്ഷിച്ചു വരുന്നുണ്ട്. നിലവിൽ നഗരസഭയിലെ ഉദ്യോഗസ്ഥർ തന്നെയാണ് നഗരസഭയിലെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നത്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.1.3 പ്രധാനപ്പെട്ട രജിസ്റ്ററുകളും രേഖകളും ഇപ്പോൾ കൃത്യമായി സൂക്ഷിച്ചുവരുന്നുണ്ട് എന്ന നഗരസഭയുടെ മറുപടി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തി. സാംഖ്യ, സഞ്ചയ എന്നീ സോഫ്റ്റ്‌വെയറുകൾ നഗരസഭയിൽ നടപ്പാക്കിയതിനാൽ മാന്വൽ ആയി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ട ആവശ്യമില്ലെന്ന ഐകെഎം നിർദ്ദേശമുണ്ടെന്ന വിവരം കൂടി റിപ്പോർട്ട് ചെയ്യുന്നു. നിലവിൽ നഗരസഭയിലെ ഉദ്യോഗസ്ഥർ തന്നെയാണ് വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നത് എന്ന നഗരസഭയുടെ മറുപടി പരിശോധിച്ച് ഉറപ്പു വരുത്തി.

**ഖണ്ഡിക നമ്പർ 13**

ശിപാർശ

3.2.1 കെ.യു.ഡി.എഫ്.സി.യുമായി ഉണ്ടാക്കിയ വ്യവസ്ഥകൾ പ്രകാരം വായ്പയെടുക്കാൻ കാലതാമസം നേരിട്ടാൽ കമ്മിറ്റ്മെന്റ് ഫീസായി ഒരു ശതമാനം നൽകേണ്ടതുണ്ടെന്നും അനുവദനീയമായ സമയത്തിനുള്ളിൽ തുക എടുക്കാതെ പോയതിനാൽ നഗരസഭയ്ക്ക് തന്നെയാണ് പ്രാഥമിക ഉത്തരവാദിത്വമെന്നും ആ കാലയളവിൽ ഇതു കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനാണ് ഇതിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നതിനാൽ ടിയാനെതിരെ ബാദ്ധ്യത നിശ്ചയിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.2.2 പരാമർശ പ്രകാരമുള്ള 11,810 രൂപ ഉത്തരവാദികളായവരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബാധ്യത പരാമർശിച്ചതിൽ ഈ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. വിജയകുമാരൻ പിള്ള മരണമടയുകയും സൂപ്രണ്ടുമാരായ ശ്രീ. കെ. കുഞ്ഞിരാമൻ, ശ്രീ. കെ. കുമാരൻ എന്നീ രണ്ട് ജീവനക്കാർ ഇപ്പോൾ സർവ്വീസിൽ ഇല്ലാത്തതുമാണ്. ഇവർ യഥാക്രമം 5905 രൂപ വീതമാണ് ഒടുക്കേണ്ടത്. ആയത് ഒടുക്കുന്നതിന് ടിയാന്മാർക്ക് 19-7-2012-ന് അറിയിപ്പ് നൽകിയതു പ്രകാരം ശ്രീ. കെ. കുഞ്ഞിരാമൻ എന്നവർ 5250 രൂപയും, കെ. കുമാരൻ 1500 രൂപയും ഒടുക്കിയിട്ടുണ്ട്. ഇവർ യഥാക്രം 655 രൂപയും 4405 രൂപയും ബാക്കി ഒടുക്കാനുണ്ട്. എന്നാൽ ശ്രീ. കെ. കുമാരൻ എന്നയാൾ ശാരീരികമായ അവശതമൂലം കിടപ്പിലായതിനാലാണ് തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയത് എന്നുമറിയിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.2.3 ശ്രീ. കെ. കുഞ്ഞിരാമൻ എന്നവർ 5,250 രൂപയും ശ്രീ. കെ. കുമാരൻ 1500 രൂപയും ഒടുക്കിയിട്ടുണ്ട് എന്ന നഗരസഭയുടെ മറുപടി പരിശോധിച്ച് ഉറപ്പു വരുത്തി. ഇതിന് പുറമെ ഇവർ ഒടുക്കാനുള്ള ബാക്കി തുകയായ 655 രൂപയും 4,405 രൂപയും യഥാക്രമം പിന്നീട് ഒടുക്കിയിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്യുന്നു.

| തുക ഒടുക്കിയതിന്റെ വിശദാംശം | | |
|---|---|---|
| 1. ശ്രീ. കെ. കുഞ്ഞിരാമൻ, റിട്ട. സൂപ്രണ്ട് | 750 | 47381/18/10/2010 |
| | 750 | 5897/14/12/2010 |
| | 750 | 469/20/4/2010 |
| | 750 | 1132/25/5/2010 |

| 1 | 2 | 3 |
|---|---|---|
| | 750 | 1829/29/5/2010 |
| | 750 | 2376/23/7/2010 |
| | 750 | 3094/30/8/2010 |
| | 655 | 1960/12/6/2013 |
| **ആകെ** | **5905** | |
| 2. ശ്രീ. കെ. കുമാരൻ, റിട്ട.സൂപ്രണ്ട് | 1500 | 3994/17/8/12 |
| | 1105 | 3187/17/8/13 |
| | 1100 | 4138/6/9/13 |
| | 1100 | 5157/11/10/13 |
| | 1100 | 6160/30/11/13 |
| **ആകെ** | **5905** | |

**ഖണ്ഡിക നമ്പർ 14**

<u>ശിപാർശ</u>

3.3.1 11,810 രൂപ കൊടുക്കാനുള്ള സാഹചര്യം ഉണ്ടാക്കിയത് ആരായാലും അയാളിൽ നിന്നും അടിയന്തരമായി തുക ഈടാക്കാനും അദ്ദേഹത്തിന്റെ ബാദ്ധ്യത പരിഗണിക്കാതെ ടിയാൾക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ അനുവദിച്ച ഉദ്യോഗസ്ഥനിൽ ഉത്തരവാദിത്വം ചുമത്തി അദ്ദേഹത്തിന്റെ പേരിൽ നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.3.2 കമ്മിറ്റ്മെന്റ് ഫീസിനത്തിൽ നഗരസഭയ്ക്ക് നഷ്ടമായ 11,810 രൂപ ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരിൽ നിന്നും നഗരസഭ ഈടാക്കിയിട്ടുണ്ട്. ബാദ്ധ്യത പരാമർശിച്ചതിൽ ടി കാലയളവിലെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വിജയകുമാരൻ പിള്ള മരണമടയുകയും ബന്ധപ്പെട്ട കാലയളവിൽ സെക്ഷൻ കൈകാര്യം ചെയ്തുകൊണ്ടിരുന്ന ശ്രീ. കെ. കുഞ്ഞിരാമൻ 2006-ലും ശ്രീ. കെ. കുമാരൻ 2007-ലും നഗരസഭാ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതുമാണ്.

പരാമർശ പ്രകാരം ആകെ ബാധ്യതയായ 11,810 രൂപ, ശ്രീ. കുഞ്ഞിരാമൻ, ശ്രീ. കെ. കുമാരൻ എന്നിവരിൽ നിന്നും 5,905 രൂപ വീതം നഗരസഭ ഈടാക്കിയിട്ടുണ്ട്. സൂപ്രണ്ട് തസ്തികയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ. കെ. കുഞ്ഞിരാമൻ 20-4-2010 (രശീത് നമ്പർ 469), 25-5-2010 (രശീത് നമ്പർ 1132), 29-6-2010 (രശീത് നമ്പർ 1829), 23-7-2010 (രശീത് നമ്പർ 2376), 30-8-10 (രശീത് നമ്പർ 3094), 18-10-2010 (രശീത് നമ്പർ 4738). 14-12-2010 (രശീത് നമ്പർ 5897) എന്നീ തീയതികളിൽ പ്രസ്തുത രസീത് നമ്പറിൽ 750 രൂപ വീതവും 12-6-2013 തീയ്യതി 655 രൂപ (രശീത് നമ്പർ 1910)യും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

സൂപ്രണ്ട് തസ്തികയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ.കെ. കുമാരൻ 17-8-12 തീയതി 1,500 രൂപയും (രശീത് നമ്പർ 3994), 14/8/13-ന് 1,105 രൂപയും (രശീത് നമ്പർ 3187), 6-9-2013 (രശീത് നമ്പർ 4138), 11-10-2013 (രശീത് നമ്പർ 5157), 30-11-2013 (രശീത് നമ്പർ 6160) എന്നീ തീയതികളിൽ പ്രസ്തുത രസീത് നമ്പറിൽ 1,100 രൂപ വീതവും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

മേൽ പ്രകാരം സഗരസഭയ്ക്ക് ഉണ്ടായ നഷ്ടമായ 11,810 രൂപ ബന്ധപ്പെട്ടവരിൽ നിന്നും നഗരസഭ ഈടാക്കിയിട്ടുള്ളതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കിയ സാഹചര്യത്തിലും ഇത സംബന്ധിച്ച ഓഡിറ്റ് ശിപാർശകൾ തീർപ്പാക്കി ഉത്തരവാകണമെന്ന് അപേക്ഷിച്ച കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.3.3 സൂക്ഷ്മ പരിശോധനയിൽ ഖണ്ഡിക 14 പ്രകാരം നഗരസഭയ്ക്ക് നഷ്ടമായ 11,810 രൂപ നഗരസഭയിൽ അടച്ചിട്ടുണ്ട്. അടച്ചതായി രേഖപ്പെടുത്തിയ രശീത് നമ്പറുകളിൽ ചില വ്യത്യാസങ്ങൾ ഉണ്ട്. ശ്രീ. കെ. കുഞ്ഞിരാമൻ (സൂപ്രണ്ട്.റിട്ട) വിശദ വിവരങ്ങൾ, 20-4-2010 രശീത് നമ്പർ 469 തീയതി പ്രകാരം തുക 750, 25-5-2010 രശീത് നമ്പർ 1132 പ്രകാരം തുക 750, 29-6-2010 രശീത് നമ്പർ 1829 തുക 750, 23-7-2010 രശീത് നമ്പർ 2376 തുക 750 -കളിലും വ്യത്യാസമില്ല. എന്നാൽ 30-8-2010 രശീത് നമ്പർ 3294 തുക 750, 30-8-2010 റസീറ്റ് നമ്പർ മുൻ സൂചന പ്രകാരം 3094 ആണ്, വ്യത്യാസമുണ്ട്. 14-12-2010 റസീറ്റ് നമ്പർ 5897 പ്രകാരം 750 രൂപയാണ്. വ്യത്യാസം ഇല്ല. എന്നാൽ 12-6-2013 റസീറ്റ് നമ്പർ 350409900 പ്രകാരം 655 രൂപയാണ്. എന്നാൽ മുൻ സൂചന റസീറ്റ് നമ്പർ 1910 ആണ്. 4-8-2015 റസീറ്റ് നമ്പർ 11504109775 പ്രകാരം തുക 750 ആണ്. എന്നാൽ മുൻ സൂചന റസീറ്റ് നമ്പർ 4738/18-10-2010 ആണ്.

2. കെ. കുമാരൻ (സൂപ്രണ്ട് റിട്ട.) തീയതി 17-8-2012 രശീത് നമ്പർ 3994 തുക 1500, 14-8-2013 റസീറ്റ് നമ്പർ 3187 തുക 1105, 6-9-2013 റസീറ്റ് നമ്പർ 4138 തുക 1100, 11-10-2013 രശീത് നമ്പർ 5157 തുക 1100, 30-11-2013 റസീറ്റ് 6160 തുക 1100 സൂക്ഷ്മ പരിശോധനയിൽ വ്യത്യാസമില്ല.

## ഖണ്ഡിക നമ്പർ. 15

<u>ശിപാർശ</u>

3.4.1 കെ.യു.ഡി.എഫ്.സി.യിൽ നിന്നുമെടുത്ത വായ്പയെ സംബന്ധിച്ച ഫയൽ നഗരസഭയിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഫയലിന്റെ കസ്റ്റോഡിയൻ ആരെന്ന് കണ്ടെത്തി അയാൾക്കെതിരെ ശിക്ഷാ നടപടി കൈക്കൊള്ളണമെന്നും, ആയതിന്റെ സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള എല്ലാ രേഖകളും സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.2 ബന്ധപ്പെട്ട കാലയളവിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ. കെ. കുഞ്ഞിരാമൻ. ശ്രീ. കെ. കുമാരൻ എന്നിവർ പിന്നീട് സൂപ്രണ്ട് തസ്തികയിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണ്. നഗരസഭയ്ക്കുണ്ടായ നഷ്ടമായ 11,810 രൂപ ഇവരിൽ നിന്നും ഈടാക്കിയ സാഹചര്യത്തിലും ഉത്തരവാദിത്വപ്പെട്ടവർ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും മേൽ ശിപാർശകളുമായി ബന്ധപ്പെട്ട തുടർ നടപടികൾ ഒഴിവാക്കി ഉത്തരവാകണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.4.3 കെ.യു.ഡി.എഫ്.സി.യിൽ നിന്നുമെടുത്ത വായ്പയെ സംബന്ധിച്ച ഫയൽ നഗരസഭ ലഭ്യമാക്കിയിട്ടില്ല. ആ കാലയളവിൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ.കെ. കുഞ്ഞിരാമൻ, ശ്രീ. കെ.കുമാരൻ എന്നിവരിൽ നിന്നും നഗരസഭയ്ക്ക് നഷ്ടം വന്ന 11,810 രൂപ മേൽ ഖണ്ഡിക സൂചന പ്രകാരം ഈടാക്കിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 28, 29

<u>ശിപാർശ</u>

3.5.1 ഒരു കോടി രൂപയിൽ താഴെ മാത്രം വാർഷിക ബഡ്ജറ്റുള്ള മുനിസിപ്പാലിറ്റികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ലക്ഷക്കണക്കിന് രൂപ വർഷങ്ങളോളം പലിശയില്ലാതെ ടാർ പോലെയുള്ള സാധനങ്ങൾ വാങ്ങാൻ വേണ്ടി അഡ്വാൻസായി നൽകുന്നത് ന്യായീകരിക്കത്തക്കതല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

3.5.2 തദ്ദേശസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ഗണ്യമായ ഭാഗം ഐ.ഒ.സി. പോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിലൂടെ വികസന പ്രവർത്തനങ്ങൾ പണമില്ലെന്ന കാരണത്താൽ മുടങ്ങുക പതിവാണ്. ഇത് ബന്ധപ്പെട്ട വകുപ്പിന്റെ കെടുകാര്യസ്ഥതയാണ് വെളിവാക്കുന്നതെന്നും, ഗവൺമെന്റ് തലത്തിൽ ഇതു സംബന്ധിച്ച് ബദൽ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.3 നിലവിലുള്ള നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടാർ ലഭിക്കുന്നതിന് ഐ.ഒ.സി., സിഡ്കോ പോലുള്ള സ്ഥാപനങ്ങൾക്ക് ടാറിന്റെ വില മുൻകൂട്ടി അടക്കുന്ന മുറയ്ക്ക് മാത്രമേ മുനിസിപ്പാലിറ്റിക്ക് ടാർ ലഭിക്കുമായിരുന്നുള്ളൂ. ആയത് പ്രകാരം കണ്ണൂർ നഗരസഭ ഇന്ത്യൻ ഓയിൽ കോർപ്പറേഷന് ടാർ ലഭിക്കുന്നതിനായി തുക അടയ്ക്കുകയും സീനിയോരിറ്റി പ്രകാരം ടാർ ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ആയതിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടിൽ കാണിച്ച നിഗമന പ്രകാരം ഇതു സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമുണ്ടാകേണ്ടതുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.5.4 ഓയിൽ കമ്പനികളിൽ ഒടുക്കിയ തുക ബാക്കി നിർത്താതെ ടാർ ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

<u>13-12-2006-ലെ സമിതിയോഗ നിർദ്ദേശം</u>

3.5.5 ഖണ്ഡിക 29-മ്മേൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് ഗവൺമെന്റിൽ നിന്നും ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭിച്ച സർക്കാർ മറുപടി</u>

3.5.6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടാറിനുവേണ്ടി പണം ഐ.ഒ.സി., പോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതുമൂലം വികസനപ്രവർത്തനങ്ങൾക്ക് പണം ഇല്ലാതാകുന്ന അവസ്ഥ ഒഴിവാക്കേണ്ട ആവശ്യത്തിലേയ്ക്കായി സർക്കാർ 19-1-2007-ലെ 53915 ഡി.പി.3/06.ത.സ്വ.ഭ. സർക്കുലറായി നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതതു വർഷം പ്രവൃത്തിക്കൾക്കാവശ്യമായ ടി വർഷത്തേയ്ക്കുള്ള ടാറിന്റെ മൊത്തം കണക്കു തയ്യാറാക്കി കൗൺസിൽ അംഗീകാരത്തോടെയും ഡിസംബർ അവസാനത്തോടെ ആവശ്യമായ തുക ടി വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് ഐ.ഒ.സി. പോലുള്ള സ്ഥാപനങ്ങളിൽ ഏൽപ്പിക്കേണ്ടതാണ്. ഇതുമൂലം നടപ്പു വർഷത്തേയ്ക്കുള്ള ഫണ്ടു മാത്രമേ നിക്ഷേപിക്കപ്പെടുന്നുള്ളൂ. എന്നാൽ 1-4-2007 മുതൽ പുതിയ ഷെഡ്യൂൾ നിരക്ക് നിലവിൽ വന്നതോടുകൂടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടാർ വാങ്ങേണ്ടതില്ലെന്നും ഷെഡ്യൂൾ നിരക്കിലെ തുക മാത്രം കരാറുകാർക്ക് നൽകിയാൽ മതിയെന്നും സർക്കാർ തീരുമാനിച്ചു. (സർക്കുലർ നമ്പർ 19881/ഡിഎ 1/2007/ത.സ്വ.ഭ.വ. തീയതി, 27-6-2007). ഈ സാഹചര്യത്തിൽ ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ കെട്ടികിടക്കുന്നില്ല.

**ഖണ്ഡിക നമ്പർ 56**

ശിപാർശ

3.6.1 മരാമത്തു പണികളെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും സമിതിക്ക് ലഭ്യമാക്കാം എന്ന് തെളിവെടുപ്പുവേളയിൽ സെക്രട്ടറി നൽകിയ ഉറപ്പ് പാലിക്കാത്തത് സമിതി വളരെ ഗൗരവമായി കാണുന്നു. കൃത്യവിലോപം നടത്തിയ പ്രസ്തുത സെക്രട്ടറിക്കെതിരെ വകുപ്പുതലത്തിൽ അടിയന്തരനടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.2 മരാമത്ത് പ്രവൃത്തിക്ക് വേണ്ടി കരാറുകാരൻ 16-4-99 മുതലാണ് മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിക്കുന്ന പദ്ധതി ആരംഭിച്ചത്. ഇതിനുള്ള കരാർ ഉടമ്പടി 21-4-1999-ൽ ഒപ്പിടുകയും വർക്ക് ഓർഡർ 9-4-1999-ലാണ് നൽകിയത്. വർക്ക് ഓർഡർ തീയതിക്ക് മുൻപെ മോട്ടോർ ഉപയോഗിച്ച് വെള്ളം വറ്റിക്കുന്ന പ്രവൃത്തിക്കായി ചെലവാക്കിയ 11660 രൂപയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ് തടസ്സവാദം ഉന്നയിക്കുകയാണ് ചെയ്തത്. അതിന്റെ വെളിച്ചത്തിൽ മേൽ തുക മുനിസിപ്പൽ ട്രഷറിയിൽ കരാറുകാരൻ ഒടുക്കിയിട്ടുണ്ട്. (ചെലാൻ നമ്പർ 5731 തീയതി: 16-7-2003, 3,975 രൂപ, ചെലാൻ നമ്പർ 3660, 21-6-2004, 7,685 രൂപ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.6.3 കരാറുകാരൻ ട്രഷറിയിൽ അടച്ച തുക 11660 രൂപ (ചെലാൻ നമ്പർ 5731 തീയതി 16-7-2003, 3,975 രൂപ ചെലാൻ നമ്പർ 3660, തീയതി: 21-6-2004, 7,685 രൂപ) പരിശോധിച്ച് ബോധ്യപ്പെട്ടു.

കൃത്യവിലോപം നടത്തിയ സെക്രട്ടറിക്കെതിരെ വകുപ്പ് തലത്തിൽ നടപടിയെടുക്കേണ്ടതാണ്.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

3.6.4 സമിതി ആവശ്യപ്പെട്ട ഫയലുകൾ നൽകുന്നതിൽ കൃത്യവിലോപം നടത്തിയ സെക്രട്ടറിക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശ സമിതി വീണ്ടും ആവർത്തിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.6.5 മരാമത്ത് പണികൾ അപാകത സംബന്ധിച്ച ഓഡിറ്റ് പരാമർശം - ഉത്തരവാദിയായ മുനിസിപ്പൽ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ നായർ.

## 24-10-2007-ലെ സമിതി യോഗ നിർദ്ദേശം

3.6.6 സമിതിയുടെ ശിപാർശയായ, കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്കനടപടി എടുക്കണമെന്നതിന്മേൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം സമിതിയ്ക്ക് ലഭ്യമാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി ദൗർഭാഗ്യ കരമായിപ്പോയിയെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച് 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും തീരുമാനിച്ചു.

## 23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.6.7 സമിതിക്കു നൽകിയ ഉറപ്പ് പാലിക്കാതിരുന്ന നഗരസഭാ സെക്രട്ടറി ശ്രീ. ജി. രാജേന്ദ്രൻ നായർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് നക്കൽ ചാർജ് മെമ്മോ തയ്യാറാക്കി 27-10-2007-ൽ സർക്കാരിന് സമർപ്പിച്ചിട്ടിട്ടുണ്ട്. സർക്കാർ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

## 28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

3.6.8 മരാമത്ത് പണികളെ സംബന്ധിക്കുന്ന ഫയലുകൾ ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയ സെക്രട്ടറി ആരാണെന്നും പ്രസ്തുത സെക്രട്ടറിക്കെതിരെ വകുപ്പു തലത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്നും സമിതി ആരാഞ്ഞതിന് അന്ന് സെക്രട്ടറിയായിരുന്ന രാജേന്ദ്രൻ നായർക്കെതിരെ ചാർജ് മെമ്മോ ഡ്രാഫ്റ്റാക്കി ഗവൺമെന്റിൽ സമർപ്പിച്ചു കഴിഞ്ഞുവെന്നും ഗവൺമെന്റാണ് നടപടിയെടുക്കേണ്ടതെന്നും നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. തെളിവെടുപ്പ് സമയത്ത് സമിതിയുടെ മുൻപാകെ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തുന്നതിന് ഉന്നതതലത്തിൽ നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണെന്നും എങ്കിൽ മാത്രമേ വകുപ്പിന്റെ ഇൻവോൾവ്മെന്റ് ഉണ്ടാകുകയുള്ളൂവെന്ന സമിതിയുടെ അഭിപ്രായത്തിന് ഉന്നതതലത്തിൽ ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നും, ഇനി മുതൽ ഇക്കാര്യം ശ്രദ്ധിക്കാമെന്നും നഗരകാര്യ ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു.

## 28-11-2007-ലെ സമിതി യോഗ നിർദ്ദേശം

3.6.9 കണ്ണൂർ നഗരസഭയിലെ സെക്രട്ടറിമാരുടെ പ്രവർത്തനം വളരെ മോശമാണെന്നും, ഓഡിറ്റിനെ സംബന്ധിച്ച് നിരുത്തരവാദപരമായ സമീപനമാണ് കൈക്കൊള്ളുന്നതെന്നും സമിതി അഭിപ്രായപ്പെടുകയും ഇനിയെങ്കിലും നഗരസഭയുടെ

പ്രവർത്തനം ശരിയാംവണ്ണം മുമ്പോട്ട് കൊണ്ടുപോകുവാൻ സെക്രട്ടറിമാർ ശ്രദ്ധിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു. ഫയലുകളും ശരിയായ വിശദീകരണങ്ങളും ആഡിറ്റിന് ഹാജരാക്കാത്തത് കണ്ണൂർ നഗരസഭയുടെ പൊതുരീതിയാണെന്നും ഇതുമൂലം നിരപരാധികളായ പലർക്കും സാമ്പത്തികമുൾപ്പെടെയുള്ള ഉത്തരവാദിത്വം ഫിക്സ് ചെയ്യുന്നതിന് കാരണമാകുന്നുവെന്നും സമിതി ചൂണ്ടിക്കാണിച്ചു. ആഡിറ്റ് സമയത്ത് ശരിയായ വിശദീകരണവും ഫയലുകളും സമർപ്പിക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിലും സമിതിയുടെ തെളിവെടുപ്പ് സമയത്ത് നൽകുന്ന ഉറപ്പുകൾ പാലിക്കാത്ത സെക്രട്ടറിമാരുടെ പേരിലും നഗരകാര്യ ഡയറക്ടർ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

മരാമത്ത് പണികളെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും സമിതിയ്ക്ക് ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ നൽകിയ ഉറപ്പ് പാലിക്കാതിരുന്ന സെക്രട്ടറി ശ്രീ. രാജേന്ദ്രൻനായർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

<u>28-11-2007-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്</u>
<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

3.6.10 മരാമത്ത് പണികളെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ നൽകിയ ഉറപ്പ് പാലിക്കാതിരുന്ന സെക്രട്ടറി ശ്രീ. രാജേന്ദ്രൻ നായർക്കെതിരെ 22-11-2007-ലെ വി3/18089/07-ാം നമ്പർ കത്ത് പ്രകാരം ചാർജ് മെമ്മോ സമർപ്പിച്ചിട്ടുണ്ടായിരുന്നു. 31-12-2007-ലെ വി.3/18089/07-ാം നമ്പരായി ടിയാന് മെമ്മോ നൽകിയിട്ടുള്ളതുമാണ്.

ഷാസു ലോൺ സംബന്ധിച്ച ഫയലുകളും മറ്റ് ഫയലുകളും വളരെ കാലപ്പഴക്കം ചെന്നതിനാൽ ആയത് കണ്ടെത്തുവാൻ ടിയാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും കണ്ടിജന്റ് ജീവനക്കാർക്ക് നൽകിയ തുക തിരികെ പിടിക്കാതിരിക്കാൻ ടിയാൻ യാതൊരു വിധത്തിലുള്ള ഉത്തരവുകളോ നിർദ്ദേശങ്ങളോ നൽകിയിരുന്നില്ലെന്ന് അറിയിച്ചിരുന്നു. മേൽ വിഷയത്തിന്മേൽ കുറ്റാരോപിതനെ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ 24-12-2008-ൽ നേരിൽ കേൾക്കുകയുണ്ടായി. കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന സമയത്ത് ഷാസു ലോൺ സംബന്ധിച്ച ഫയലുകൾ നിയമസഭാ സമിതിയ്ക്ക് മുമ്പാകെ ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകിയതായി ഓർക്കുന്നില്ലെന്ന് ടിയാൻ ഹിയറിംഗ് വേളയിൽ ബോധിപ്പിക്കുകയുണ്ടായി. എന്നാൽ ഈ വാദം നിയമപരമായി അംഗീകരിക്കാൻ കഴിയില്ലെങ്കിലും സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തിക്കെതിരെ വകുപ്പുതല നടപടിയെടുക്കുന്നതിന് പരിമിതിയുണ്ട്.

മേൽ വിവരിച്ച വസ്തുതയുടെ അടിസ്ഥാനത്തിൽ ഹിയറിംഗിൽ ബോദ്ധ്യപ്പെട്ടിട്ടുള്ള വിശദാംശങ്ങൾ പരിഗണിച്ചുകൊണ്ടും കുറ്റാരോപിതൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യവും പരിഗണിച്ചുകൊണ്ടും ഇക്കാര്യത്തിൽ ദയാപരമായ സമീപനം സ്വീകരിച്ചുകൊണ്ടും റിട്ട. മുനിസിപ്പൽ സെക്രട്ടറി, ശ്രീ. ജി. രാജേന്ദ്രൻ നായരെ 13-1-2009-ലെ സ.ഉ.(സാധാ)നമ്പർ 114/2009/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം കുറ്റാരോപണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണെന്ന വിവരം റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

ഇതു സംബന്ധിച്ച് വിശദാംശങ്ങൾ ഈ ഓഫീസിലെ 27-8-14-ലെ എഫ്.2/2966/06/ന.കാ.വ.നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറെ അറിയിച്ചിട്ടിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.6.11 മരാമത്ത് പണികളെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും സമിതിയ്ക്ക് ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ നൽകിയ ഉറപ്പ് പാലിക്കാതിരുന്ന സെക്രട്ടറി ശ്രീ. രാജേന്ദ്രൻ നായരെ 13-1-2009-ലെ സ.ഉ.(സാധാ)നമ്പർ114/2009/ ത.സ്വ.ഭ.വ./ നമ്പർ ഉത്തരവ് പ്രകാരം കുറ്റാരോപണങ്ങളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിക്കുന്നു.

14-6-2017-ലെ സമിതി യോഗ നിർദ്ദേശം

3.6.12 മരാമത്ത് പണികളെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതിയ്ക്ക് ഉറപ്പു നൽകുകയും പിന്നീട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ഹിയറിംഗ് നടത്തിയ വേളയിൽ അപ്രകാരം സമിതിയ്ക്ക് ഉറപ്പ് നൽകിയതായി ഓർക്കുന്നില്ലെന്ന പ്രസ്തുത ഉദ്യോഗസ്ഥന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ടിയാനെ കുറ്റവിമുക്തനാക്കിയ നടപടി സമിതി വളരെ ഗൗരവമായി കാണുന്നുവെന്ന് അഭിപ്രായപ്പെട്ട സമിതി ആയതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെടുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു.

19-10-2017-ലെ യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

3.6.13 മരാമത്ത് പണികളെ സംബന്ധിക്കുന്ന എല്ലാ ഫയലുകളും സമിതിയ്ക്ക് ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് വേളയിൽ നൽകിയ ഉറപ്പ് പാലിക്കാതിരിക്കുകയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ഹിയറിംഗ് നടത്തിയ അവസരത്തിൽ അപ്രകാരം സമിതിയ്ക്ക് ഉറപ്പ് നൽകിയതായി ഓർക്കുന്നില്ല എന്ന കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. ജി. രാജേന്ദ്രൻ നായരുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ടിയാനെ കുറ്റവിമുക്തനാക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടു.

മെമ്മോ കൊടുത്ത കാലയളവിൽ ടിയാൻ വിരമിച്ചു എന്നും, റിട്ടയർ ചെയ്തു കഴിഞ്ഞാൽ സാധാരണയുള്ള അച്ചടക്ക നടപടികൾ പറ്റില്ലെന്നും റവന്യൂ റിക്കവറി പോലെയുള്ളവയാണെങ്കിൽ അവരുടെ ഗ്രാറ്റുവിറ്റിയിൽ നിന്നോ പെൻഷനിൽ നിന്നോ ഈടാക്കാൻ പറ്റുമെന്നും ടിയാൻ 2008-ൽ വിരമിച്ചതായും 13-1-2009-ലെ 114/2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ടിയാനെ കുറ്റവിമുക്തമാക്കിയതായാണ് കാണുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

വകുപ്പുതല നടപടിക്ക് വിധേയമായി നിൽക്കുന്ന ഓഫീസർ റിട്ടയർ ചെയ്താൽ വകുപ്പുതല നടപടികൾ ഡ്രോപ്പ് ചെയ്യുമോ എന്ന് സമിതി ആരാഞ്ഞതിന് റിട്ടയർ ചെയ്ത ശേഷമാണെങ്കിൽ വകുപ്പുതല നടപടി സ്വീകരിക്കാൻ സാധിക്കില്ല എന്നും അതേ സമയം സാമ്പത്തിക നഷ്ടമുണ്ടെന്ന് നേരത്തെ വിജിലൻസ് അന്വേഷണത്തിലോ മറ്റേതെങ്കിലും അന്വേഷണത്തിലോ കണ്ടെത്തിയാൽ അച്ചടക്കനടപടി ആരംഭിച്ചിട്ടില്ലെങ്കിലും റിട്ടയർ ചെയ്താലും ആ നഷ്ടം ഈടാക്കാൻ സാധിക്കുമെന്നും ഇത് ശ്രീ. ജി. രാജേന്ദ്രൻ നായർ കാണിച്ചൊരു അനവധാനതയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ഇനി മുതൽ ഓഡിറ്റ് വകുപ്പിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് എല്ലാ ഫയലുകളും പഠിച്ച് വ്യക്തമായ രേഖകളോടെ 15 ദിവസത്തിനകം മറുപടി നൽകണമെന്ന് ഗവൺമെന്റിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകാമെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകി.

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശിപാർശ ഖണ്ഡികയിന്മേലുള്ള നടപടി അവസാനിപ്പിക്കാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക നമ്പർ 62, 63**

ശിപാർശ

3.7.1 മുനിസിപ്പൽ എഞ്ചിനീയറാണ് ഇതിൽ പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നും ടിയാൾ തയ്യാറാക്കിക്കൊടുത്ത എസ്റ്റിമേറ്റ് പുനരവലോകനം ചെയ്യാതെ അതേപടി അംഗീകരിച്ച എക്സ്പെർട്ട് കമ്മിറ്റിയുടെ അലംഭാവം കൊണ്ടാണിങ്ങനെ സംഭവിച്ചതെന്നും എസ്റ്റിമേറ്റും നിരക്കുകളും ശരിയാണോ എന്നു നോക്കി അംഗീകരിക്കുന്നതും നിരക്ക് അധികമാണെങ്കിൽ അത് കുറച്ച് അനുമതി നൽകേണ്ടതും എക്സ്പെർട്ട് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണെന്നും സമിതി വിലയിരുത്തുന്നു.

3.7.2 പ്രസ്തുത ആഡിറ്റ് പരാമർശത്തിൽ പറയുന്ന തടസ്സവാദങ്ങൾ ഇപ്പോഴും പ്രസക്തമായി നിലനിൽക്കുന്നു എന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ നഗരസഭ ഫണ്ടിനുണ്ടായ 11,972 രൂപയുടെ നഷ്ടം ഈടാക്കേണ്ടതുണ്ടെന്നും നഷ്ടത്തിനു കാരണമായ കൃത്യവിലോപം നടത്തിയ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി ഭരണവകുപ്പ് ഉചിതമായ നടപടി സ്വീകരിക്കണമെന്നും നിയമവിരുദ്ധമായ ചെലവ് നടത്തുകയോ ചെലവ് നടത്താൻ അധികാരപ്പെടുത്തുകയോ ചെയ്ത വ്യക്തികളിൽ നിന്നും തുക ഈടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.7.3 അധികമായി അനുവദിക്കപ്പെട്ട 11,972 രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പയ്യന്നൂർ നഗരസഭാ സെക്രട്ടറിയുടെ 27-4-2004-ലെ ഇ 2-6909/2004-ാം നമ്പർ പ്രകാരം ശ്രീ. വി. കൃഷ്ണൻ (കൺവീനർ), ശ്രീ. കെ.കെ.അലി(മുനിസിപ്പൽ എഞ്ചിനീയർ) എന്നിവർക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

ഓഡിറ്റ് തീരുമാനം ഒഴിവാക്കി കൊടുക്കണമെന്ന് ശിപാർശ ചെയ്തു കൊണ്ടുള്ള പയ്യന്നൂർ നഗരസഭാ കൗൺസിലിന്റെ 26-7-2004-ലെ 19-ാം നമ്പർ തീരുമാനം ഗവൺമെന്റിൽ നിന്നും ആവശ്യപ്പെട്ട പ്രകാരം പ്രവൃത്തിയുടെ കൺവീനറുടെ മറുപടി സഹിതം അയച്ചിട്ടുണ്ടെന്നും ഓഡിറ്റ് തടസ്സം സംബന്ധിച്ച വിശദീകരണം 20-5-2006-ലെ ജി2-ഓഡിറ്റ്/11049/2006 പ്രകാരം നഗരകാര്യ ഡയറക്ടർക്ക് നൽകി തുക എഞ്ചിനീയറുടെ ബാദ്ധ്യതയായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.7.4 നിയമസഭാ സമിതിയുടെ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല.

സമിതി ശിപാർശ ചെയ്ത പ്രകാരം ഭരണവകുപ്പ് ഉചിതമായ നടപടി സ്വീകരിക്കേണ്ടതും നിയമവിരുദ്ധമായി ചെലവ് നടത്തുകയോ, ചെലവ് നടത്താൻ അധികാരപ്പെടുത്തുകയോ ചെയ്ത വ്യക്തിയിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

3.7.5 നഗരസഭാ ഫണ്ടിനുണ്ടായ 11,972 രൂപയുടെ നഷ്ടം ഈടാക്കേണ്ടതുണ്ടെന്നും നഷ്ടത്തിന് കാരണമായ കൃത്യവിലോപം നടത്തിയ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ ആരാണെന്ന് കണ്ടെത്തി ഭരണവകുപ്പ് ഉചിതമായ നടപടി സ്വീകരിക്കണമെന്നും, നിയമവിരുദ്ധമായി ചെലവ് നടത്തുകയോ ചെലവ് നടത്താൻ അധികാരപ്പെടുത്തുകയോ

ചെയ്ത വ്യക്തികളിൽ നിന്നും തുക ഈടാക്കണമെന്ന സമിതിയുടെ ശിപാർശ സമിതി ആവർത്തിക്കുകയും സ്വീകരിച്ച നടപടികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അടിയന്തരമായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാരിൽ നിന്നും ലഭിച്ച മറുപടി

3.7.6 ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആയിരുന്ന ശ്രീ. പി.നാരായണൻ എന്നവർ 3-1-2011-ന് 18935 രശീത് നമ്പർ പ്രകാരം 11,972 രൂപ മുനിസിപ്പൽ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.7.7 പയ്യന്നൂർ നഗരസഭയുടെ 2000-2001-ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 32(ബി) പ്രകാരം നഗരസഭാ ഫണ്ടിന് നഷ്ടമായതായി കണ്ടെത്തിയ തുകയായ 11,972 രൂപ 3-1-2011-ന് രശീത് നമ്പർ 11001118935 പ്രകാരം ശ്രീ. പി. നാരായണൻ നഗരസഭാ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. ഇക്കാര്യം പ്രാദേശിക പരിശോധന നടത്തി സ്ഥിരീകരിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 97, 98**

ശിപാർശ

3.8.1 വർദ്ധിച്ച നിരക്കിൽ ടാർ വില നൽകേണ്ടി വന്നത് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണെന്നും അതിനാൽ ഇതുമായി ബന്ധപ്പെട്ടവർക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

3.8.2 നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തിയാക്കി ഇതു സംബന്ധിച്ച വിശദാംശങ്ങൾ 30 ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതിന് തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട മുൻസെക്രട്ടറി സമിതിയ്ക്ക് ഉറപ്പു നൽകിയിരുന്നു. ഇതിൽ വീഴ്ച വരുത്തിയ മുനിസിപ്പൽ സെക്രട്ടറിക്കെതിരെ മുനിസിപ്പൽ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിൽ ഉചിത നടപടി സ്വീകരിക്കണമെന്നും ടാറിന്റെ വില റിക്കവർ ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.8.3 ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനു നഗരസഭാ എഞ്ചിനീയറെ ചുമതലപ്പെടുത്തിയത് പ്രകാരം ബന്ധപ്പെട്ടവർക്ക് അവർ ഇന്നു ജോലി ചെയ്യുന്ന നഗരസഭാ സെക്രട്ടറി മുഖേന കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.8.4 നഷ്ടം ഈടാക്കുന്നതിൽ കാലതാമസം നേരിടുന്നു. പ്രസ്തുത വിവരം നഗരകാര്യ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നിയമസഭാസമിതിയുടെ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല.

13-12-2006-ലെ യോഗത്തിലെ സമിതി തീരുമാനം

3.8.5 നഷ്ടം ഈടാക്കുന്നതിൽ കാലതാമസം നേരിടുന്ന വിവരം നഗരകാര്യ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ സമിതി തീരുമാനിച്ചു.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരത്തിന് സർക്കാർ സമർപ്പിച്ച മറുപടി

3.8.6 (1) ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് മുനിസിപ്പൽ എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും 23-ഓളം ഉദ്യോഗസ്ഥന്മാരിൽ നിന്നും വിശദീകരണങ്ങൾ ആരായുകയും അന്വേഷണം നടത്തുകയും ചെയ്യുകയുണ്ടായി. ഒന്നോ അതിലധികമോ ഉദ്യോഗസ്ഥർക്ക് കൃത്യമായ ബാധ്യതകൾ നിർണ്ണയിച്ചു നൽകാൻ സാധിക്കാത്ത സാഹചര്യമാണ് കാണുന്നതെന്നും വളരെ കുറഞ്ഞ കാലയളവിൽ ജോലി ചെയ്തവരെ ഒഴിവാക്കാവുന്നതാണെന്നും എഞ്ചിനീയർ 29-12-2007 റിപ്പോർട്ട് ചെയ്തു. ടി കാലയളവിൽ സെക്ഷൻ ക്ലർക്കായി സേവനമനുഷ്ഠിച്ച ശ്രീ. എൻ. രമേശൻ (യു. ഡി. ക്ലാർക്ക് റിട്ടയേർഡ്), ടാറിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ഓവർസിയർ ശ്രീ. ആർ.മനോജ് കുമാർ, എ. ഇ. ആയിരുന്ന ശ്രീ. റ്റി. പത്മനാഭൻ (റിട്ടയേർഡ്), ശ്രീ. എൻ. പവിത്രൻ, ശ്രീ. കെ.കെ. മനോഹരൻ, മുനിസിപ്പൽ എഞ്ചിനീയർമാരായ ശ്രീ. പി.ആർ. സജികുമാർ, ശ്രീ. കെ. മൻസൂർ(റിട്ടയേർഡ്), ശ്രീ. എ. ഹാലിദ്(റിട്ടയേർഡ്) എന്നീ 8 പേരുടെ പേരിലാണ് ബാധ്യത നിർണ്ണയിക്കാവുന്നതെന്നും എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ മൊത്തം നഷ്ടതുകയായ 1,37,171 രൂപ മേൽ ജീവനക്കാരിൽ നിന്നും 17,147 രൂപ വീതം ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നതിന് ആയവർക്ക് 12-2-2008-ൽ ഉത്തരവ് നൽകിയിട്ടുണ്ട്. തുടർനടപടികൾ അടിയന്തരമായി സ്വീകരിച്ച് തുക ഈടാക്കുന്നതാണ്.

(2) സമിതി മുമ്പാകെ ഉറപ്പ് നൽകിയത് പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻ ടി കാലത്ത് താൽക്കാലിക സെക്രട്ടറി ആയിരുന്ന ശ്രീ. എൻ.വി. മുഹമ്മദ് അലിയാണ്. ടിയാൾക്കെതിരെ നഗരകാര്യ ഡയറക്ടർ 26-2-2008-ന് ചാർജ് മെമ്മോ നൽകിയിട്ടുണ്ട്. ശിക്ഷണ നടപടികൾ ഉടനടി പൂർത്തിയാക്കുന്നതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.8.7 (1) ടാർ വാങ്ങിയ ഇനത്തിൽ അധിക നിരക്ക് നൽകേണ്ടി വന്നതിനാൽ നഗരസഭയ്ക്ക് നഷ്ടമായ 1,37,171 രൂപ ടി കാലയളവിൽ സെക്ഷൻ ക്ലാർക്കായി സേവനമനുഷ്ഠിച്ച ശ്രീ. എൻ. രമേശൻ (യു.ഡി.ക്ലാർക്ക് റിട്ടയേർഡ്), ടാറിന്റെ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ഓവർസിയർ ശ്രീ. ആർ.മനോജ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ ആയിരുന്ന ശ്രീ. റ്റി. പത്മനാഭൻ (റിട്ടയേർഡ്), ശ്രീ. എൻ. പവിത്രൻ, (ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റിൽ ശ്രീ പവിത്രന്റെ ഇനിഷ്യൽ 'എൻ' എന്ന് ചേർത്തിരിക്കുന്നത് തെറ്റാണ്. 'എം' ആണ് യഥാർത്ഥ ഇനിഷ്യൽ), ശ്രീ. കെ.കെ. മനോഹരൻ, മുനിസിപ്പൽ എഞ്ചിനീയർമാരായ ശ്രീ. പി. ആർ. സജികുമാർ, ശ്രീ. കെ. മൻസൂർ (റിട്ടയേർഡ്), ശ്രീ. എ. ഹാലിദ്(റിട്ടയേർഡ്) എന്നിവരിൽ നിന്ന് 17,147 രൂപ വീതം ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുന്നതിന് നഗരസഭാ സെക്രട്ടറിയുടെ എ 3-9566/04(ഓഡിറ്റ്) തീയതി:14-1-2008 ഉത്തരവ് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം തുക ഒടുക്കുവാനാണ് ആവശ്യപ്പെട്ടത്. ഇതിന് ശ്രീ. പി.ആർ. സജികുമാർ, ശ്രീ. ടി. പത്മനാഭൻ, ശ്രീ. എം. പവിത്രൻ, ശ്രീ. കെ.കെ. മനോഹരൻ, ശ്രീ. ആർ. മനോജ്കുമാർ എന്നിവർ സമർപ്പിച്ച മറുപടി സ്വീകാര്യമല്ലെന്ന് നഗരസഭാ സെക്രട്ടറിയുടെ എ 3-9566(ഓഡിറ്റ്) തീയതി, 29-5-2008 കത്ത് പ്രകാരം അറിയിക്കുകയുണ്ടായി. എന്നാൽ ഈ അറിയിപ്പിൽ തുക ഒടുക്കേണ്ട സമയപരിധിയെക്കുറിച്ച് പരാമർശിച്ചിട്ടില്ല. ശ്രീ. എൻ. രമേശൻ, ശ്രീ.എ.ഹാലിദ്, ശ്രീ. മൻസൂർ എന്നിവർക്ക് യഥാക്രമം 22-3-2008, 8-4-2008, 9-6-2008 തീയതികളിൽ ഇക്കാര്യം സംബന്ധിച്ച സെക്രട്ടറിയുടെ 14-1-2008-ലെ അറിയിപ്പ് അയച്ചുകൊടുത്തുവെങ്കിലും മൂവരും നാളിതുവരെ യാതൊരു മറുപടിയും സമർപ്പിച്ചിട്ടില്ല. ഇവരിൽ നിന്ന് തുക ഈടാക്കാനുള്ള തുടർ നടപടികളൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയ്ക്ക് നഷ്ടമായ 1,37,171 രൂപയിൽ യാതൊരു തുകയും നാളിതുവരെ നഗരസഭാ ഫണ്ടിൽ വരവ് വന്നിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യുന്നു.

(2) നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു.

ഇപ്പോഴത്തെ സ്ഥിതി നഗരസഭയിൽ ലഭ്യമല്ല.

<u>31-12-2008-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരം</u>

3.8.8 ഉത്തരവാദികളായ എട്ട് ഉദ്യോഗസ്ഥരിൽ നിന്നും 17,147 രൂപ വീതം ഈടാക്കി ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29-3-2016-ലെ കത്ത്.</u>

3.8.9 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം നടപ്പിലാക്കി നഷ്ടത്തുക ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (റ്റി. എ. നമ്പർ 957/2013 നമ്പർ കേസിന്മേൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 8-12-2014-ലെ വിധിന്യായം.)

## ഖണ്ഡിക നമ്പർ 107

ശിപാർശ

3.9.1 സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ടെലിഫോൺ ലൈൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ച അന്നത്തെ മുനിസിപ്പൽ എഞ്ചിനീയർക്കും സെക്രട്ടറിക്കും എതിരായി നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 നിയമസഭാ സമിതിയുടെ നിർദ്ദേശത്തിന്മേൽ തദ്ദേശസ്വയംഭരണ സെക്രട്ടറി സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.9.3 നിയമസഭാസമിതിയുടെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം തേടാവുന്നതാണ്.

13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം

3.9.4 സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ടെലിഫോൺ ലൈൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ച അന്നത്തെ മുനിസിപ്പൽ എഞ്ചിനീയർക്കും സെക്രട്ടറിയ്ക്കും എതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിക്കാത്തതിൽ വിശദീകരണം തേടുവാൻ സമിതി തീരുമാനിച്ചു.

സർക്കാർ സ്വീകരിച്ച നടപടി

3.9.5 സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ വീഴ്ച വരുത്തിയത് ടി കാലത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഗോപിനാഥ കുറുപ്പും, എഞ്ചിനീയറായിരുന്ന ശ്രീ. സലാഹുദ്ദീനുമായിരുന്നു. അവർ യഥാക്രമം 1999-ലും 1998-ലും റിട്ടയർ ചെയ്തുപോയതിനാൽ വകുപ്പുതല നടപടികൾക്ക് കഴിയുന്നില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

## ഖണ്ഡിക നമ്പർ 114

ശിപാർശ

3.10.1 വർക്ക് സൈറ്റ് കൈമാറുന്നതിനുമുമ്പ് കരാറുകാരന് തുക നൽകിയതും, കാലാവധി കഴിഞ്ഞ നിക്ഷേപ സർട്ടിഫിക്കറ്റുകൾ വാങ്ങി സൂക്ഷിച്ചതും ചട്ടവിരുദ്ധമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. നഗരസഭ അധികൃതരുടെ തികഞ്ഞ അനാസ്ഥയാണിതെന്നും ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കുറച്ചുകൂടി ശ്രദ്ധാന്തി പുലർത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.10.2 സമിതി നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തിക്കുന്നതാണെന്ന് നഗരസഭാ അധികൃതർ ഉറപ്പ് നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്ന കാര്യം ഭരണവകുപ്പ് ശ്രദ്ധിക്കുന്നതാണ്.

**ഖണ്ഡിക നമ്പർ 119**

<u>ശിപാർശ</u>

3.11.1 തെളിവെടുപ്പ് വേളയിൽ സമിതിയിൽ ഹാജരായി ബന്ധപ്പെട്ട വിഷയത്തിൽ തെളിവ് നൽകിയ സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും ഈ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്താൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 <u>പട്ടികജാതിക്കാർക്ക് സി. എഫ്. ലാമ്പ് വിതരണം നടത്തിയതിൽ അപാകത- ഉത്തരവാദികൾ</u>

സമിതി മുമ്പാകെ ഹാജരായ സെക്രട്ടറി ശ്രീ. കെ. വി. എസ്. ശിവനാണ്. ടിയാൻ ഇപ്പോൾ കൊടുങ്ങല്ലൂർ നഗരസഭയിൽ സേവനമനുഷ്ഠിക്കുന്നു. പദ്ധതി നിർവ്വഹണ സമയത്ത് ജോലി ചെയ്ത സെക്രട്ടറിയായ ശ്രീ. കെ. പത്മനാഭൻ സർവ്വീസിൽ നിന്നും വിരമിച്ചു.

<u>24-10-2007-ലെ സമിതി യോഗ നിർദ്ദേശം</u>

3.11.3 പ്രസ്തുത ഖണ്ഡികയിൽ സമിതിയുടെ ശിപാർശയായ കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കണമെന്നതിന്മേൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം ലഭ്യമാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി ദൗർഭാഗ്യകരമായിപ്പോയെന്ന് സമിതി അഭിപ്രായപ്പെടുകയും 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും തീരുമാനിച്ചു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

3.11.4 സെക്രട്ടറിയായ ശ്രീ. കെ. വി.എസ്. ശിവനെതിരെ ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ 27-10-2007-ന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. ശിവനെതിരെ നിലവിലുണ്ടായിരുന്ന മറ്റ് ശിക്ഷണനടപടികളുടെ ഭാഗമായി ടിയാനെ ജി.ഒ. (ആർറ്റി.) 251/07/വിജിലൻസ്/27-10-2007

ഉത്തരവ് പ്രകാരം 27-10-2007 മുതൽ സർവ്വീസിൽ നിന്നും നിർബന്ധിത പെൻഷൻ നൽകി പിരിച്ചയച്ചിരിക്കുന്നു. ക്രമക്കേടിന് ഉത്തരവാദിയായ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. കെ. പത്മനാഭൻ 2000-ൽ റിട്ടയർ ചെയ്തു. തെറ്റായ നടപടി ക്രമം സ്വീകരിച്ചതിന് സർക്കാരിൽ നിന്നും അംഗീകാരം നേടുന്നതിന് നഗരസഭ 21-11-2007-ൽ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി

3.11.5 സമിതിയിൽ ഹാജരായി തെളിവു നൽകിയ സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ ചോദ്യത്തിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തൃശ്ശൂരിൽ വച്ച് കൈക്കൂലി വാങ്ങിയതിന് വിജിലൻസ് പിടികൂടിയതിന്റെ അടിസ്ഥാനത്തിൽ നിർബന്ധിത വിരമിക്കൽ നൽകിക്കൊണ്ട് 27-10-2007-ൽ ഉത്തരവ് ഇറങ്ങിയതായി കൊയിലാണ്ടി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

28-11-2007-ലെ സമിതി യോഗ തീരുമാനം

3.11.6 സർവ്വീസിൽ നിന്ന് നീക്കം ചെയ്തുകൊണ്ട് വകുപ്പുതല നടപടിക്ക് പ്രസക്തി ഇല്ലാത്തതിനാൽ പ്രസ്തുത ശിപാർശയിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക നമ്പർ 127, 128**

ശിപാർശ

3.12.1 കൃഷി നടത്തേണ്ട ഭൂമി കണ്ടെത്തുകയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ ചെയ്യാതെ വ്യക്തമായ ധാരണയില്ലാതെ പദ്ധതി പണം പാഴാക്കി പദ്ധതിയെ അനിശ്ചിതത്വത്തിലേക്ക് നയിക്കുന്ന ഒരു കാഴ്ചയാണ് കാണാൻ സാധിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു.

3.12.2 ഇത്തരത്തിലുള്ള ക്രമക്കേടിന് കാരണക്കാരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച നടപടികൾ ഡയറക്ടറെക്കൂടി അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. 30 ദിവസത്തിനുള്ളിൽ സമിതിക്ക് മറുപടി നൽകുന്നതിനുള്ള നിർദ്ദേശത്തിനുമേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചില്ലെന്നത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. സമിതി നിർദ്ദേശം യഥാസമയം പാലിക്കുന്നതിന് പൊതുനിർദ്ദേശം വകുപ്പുതലത്തിൽ നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.3 കൈതോല കൃഷി പരാജയം-നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് കൃഷി ഓഫീസർ, കൊയിലാണ്ടി, സെക്രട്ടറി, ശ്രീ. കെ. പത്മനാഭൻ (റിട്ട.), ഗുണഭോക്തൃ കമ്മിറ്റി കൺവീനർ, ശ്രീ. വി. പി ഗംഗാധരൻ.

<u>24-10-2007-ലെ സമിതി യോഗ തീരുമാനം</u>

3.12.4 മേൽ ഖണ്ഡികയിൽ സമിതിയുടെ ശിപാർശയായ, കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കണമെന്നതിൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം സമിതിക്ക് ലഭ്യമാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി നിർഭാഗ്യകരമായിപ്പോയെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച് 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും സമിതി തീരുമാനിച്ചു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

3.12.5 ഈ ക്രമക്കേടിന് കാരണം പ്രോജക്ട് നടപ്പാക്കുന്നതിന് മുൻപായി കൃഷി ഭൂമി കണ്ടെത്താതിരുന്നതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതിരുന്നതുമാണ്. ഇവ പൂർത്തിയാക്കാതെ കൈതോല കൃഷിക്കായി 9,150 രൂപ ചെലവ് ചെയ്തു. ഈ നടപടിക്ക് ഉത്തരവാദി ടി കാലഘട്ടത്തിലെ കൊയിലാണ്ടി കൃഷി വികസന ഓഫീസർ ആണ്. ടിയാനിൽ നിന്നും അനാവശ്യമായി ചെലവ് ചെയ്ത 9,150 രൂപ ഈടാക്കുവാൻ നഗരസഭ സെക്രട്ടറി 21-11-2007-ൽ നോട്ടീസ് നൽകിയിട്ടുണ്ട്.

നിശ്ചിത സമയത്തിനകം സമിതിക്ക് മറുപടി നൽകുന്നതിന് നിർദ്ദേശം നൽകുന്ന വകുപ്പുതല സർക്കുലർ പുറപ്പെടുവിച്ചു. (എഫ്.2-2966/06 തീയതി 26-10-2007)

<u>28-11-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സർക്കാർ സമിതി മുമ്പാകെ നൽകിയ മറുപടി</u>

3.12.6 വകുപ്പുതല നടപടി സമിതി ശിപാർശ ചെയ്തതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നുള്ള സമിതിയുടെ ചോദ്യത്തിന് ഇംപ്ലിമെന്റിംഗ് ഓഫീസർ കൃഷി ഓഫീസറായിരുന്നുവെന്നും, ആ കൃഷി ഓഫീസറിൽ നിന്നും തുക റിക്കവർ ചെയ്യുന്നതിന് വകുപ്പിലേയ്ക്ക് കത്ത് നൽകിയതായും നഗരകാര്യ ഡയറക്ടർ സമിതിയെ അറിയിച്ചു. കൃഷി ഓഫീസറുടെ മറുപടി കത്തിൽ കൺവീനർ വഴി തുക ചെലവഴിച്ചതായും ബാക്കി പൈസ നഗരസഭയിലേയ്ക്ക് തിരികെ അടച്ചതായും അറിയിച്ചുവെന്ന് കൊയിലാണ്ടി നഗരസഭാ

സെക്രട്ടറിയും സമിതിയെ അറിയിച്ചു. കൊയിലാണ്ടി നഗരസഭയുടെ 18-6-1998-ലെ 17-ാം നമ്പർ തീരുമാനപ്രകാരം 1997-1998 സാമ്പത്തിക വർഷത്തെ പട്ടികജാതി മേഖലയിലും മറ്റ് അനുബന്ധ മേഖലയിലും ചെലവഴിക്കാൻ ബാക്കിയുള്ള പദ്ധതി പണം ഉപയോഗിച്ച് പട്ടികജാതിക്കാരായവരുടെ 180 വീടുകൾക്ക് സി.എഫ്. ലാംപുകൾ വാങ്ങി വിതരണം ചെയ്യുന്നതിന് പുതിയ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതായും ആയതിന് കൗൺസിലിന്റെ അംഗീകാരം വാങ്ങിയതായും കൊയിലാണ്ടി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

<u>28-11-2007-ലെ സമിതി യോഗ നിർദ്ദേശം</u>

3.12.7 വകുപ്പുതല നടപടി ക്ലാരിഫൈ ചെയ്തുകൊണ്ട് സമിതിയ്ക്ക് നൽകിയ കത്തിൽ ഉദ്യോഗസ്ഥന്മാരുടെ പേര് മാത്രമാണ് ഉള്ളതെന്നും എന്ത് നടപടി സ്വീകരിച്ചുവെന്ന് പറഞ്ഞിട്ടില്ലെന്നും ആയതിനാൽ അന്തിമ തീരുമാനം എടുക്കുന്നതിന് സമിതിയ്ക്ക് സാധിക്കാതെ വരുന്നുവെന്നും ഇതെല്ലാം സംഭവിക്കുന്നത് കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് കൊണ്ടാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഒരാഴ്ചയ്ക്കകം സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.8 കൈതോല കൃഷി നടത്തുന്നതിന് ആവശ്യമായ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി കൃഷി ആവശ്യത്തിന് തയ്യാറാക്കുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിൽ വരുത്തുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറെ ചുമതലപ്പെടുത്തി 50,000 രൂപ 31-10-1997-ന് കൈമാറിയിട്ടുണ്ട്.

ഗുണഭോക്തൃ കമ്മിറ്റി കൺവീനറായി ശ്രീ. വി. പി. ഗംഗാധരനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ 2, 5, 6, 8 വാർഡുകളിലെ കർഷകർക്ക് 9,150 രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്. കൈതോല തണ്ടിന്റെ വിതരണവും നടീലും ശരിയായ സമയത്തല്ലാത്തതിനാലും കൈതോല തണ്ടിന്റെ ലഭ്യത കുറവും കാരണമാണ് പരിപാടി തുടർന്ന് നടത്താൻ കഴിയാതെ വന്നത് എന്ന് ബോധിപ്പിക്കുന്നു. ബാക്കി വന്ന തുക 40,850 രൂപ പട്ടികജാതി സി.എഫ്.എൽ. വിതരണ പ്രോജക്ടിലേയ്ക്കായി മാറ്റി ചെലവാക്കിയിട്ടുണ്ട്.

പട്ടികജാതി സ്ത്രീകളുടെ ഉന്നമനത്തിനായി ആരംഭിച്ച കൈതോല കൃഷി പദ്ധതി വിഹിതത്തിൽ 9,150 രൂപയാണ് 1997-1998 വർഷത്തിൽ ചെലവഴിച്ചത്. ശേഷിക്കുന്ന 40,850 രൂപ വകമാറ്റി പട്ടികജാതിക്കാർക്ക് സി.എഫ്.എൽ. വിതരണ പദ്ധതിക്കായി വിനിയോഗിക്കുകയുണ്ടായി.

കൈതോല കൃഷി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥരായ കൃഷി ഓഫീസറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ കൃഷി ഭവനിൽ രണ്ട് ഓഫീസർമാർ ചാർജ് എടുത്തിരുന്നുവെന്നും ഓരോ കൃഷി ഓഫീസറും ഈ പദ്ധതിയുടെ കൺവീനർക്ക് യഥാക്രമം 4,900 രൂപ 4,250 രൂപ പ്രകാരം ആകെ 9,150 രൂപ നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വിശദീകരിക്കുകയുണ്ടായി.

രണ്ട് കൃഷി ഓഫീസർമാരിൽ ഒരാളായ ഷീല പി. ആർ.നോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 4,900 രൂപ 21-11-2013-ലെ 01/11301400042 രശീത് പ്രകാരം നഗരസഭാ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ആയതിനാൽ 4,900 രൂപയുടെ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു.

4,250 രൂപ ചെലവഴിച്ച കാലഘട്ടത്തിലെ കൃഷി ഓഫീസർ ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയാൻ കഴിഞ്ഞിട്ടില്ല. റിട്ടയർ ചെയ്തതായി അറിയുന്നു. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് 6-12-2007-ന് പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ കോഴിക്കോടിന് കത്ത് നൽകിയിരുന്നു. 15 വർഷം മുമ്പുള്ള വിഷയമായതിനാൽ ഇത് സംബന്ധിച്ച് തുടർ നടപടികൾ ഒന്നും സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണ്. ആയതിനാൽ ഓഡിറ്റ് പരാമർശം അവസാനിപ്പിക്കുന്നതിന് അപേക്ഷിക്കുന്നു.

ഭരണ വകുപ്പിന്റെ മറുപടിഃ-സമിതി നിർദ്ദേശം യഥാസമയം പാലിക്കുന്നതിന് 26-10-2007-ലെ എഫ്2/2966/06-ാം നമ്പർ സർക്കുലർ പ്രകാരം എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ഈ ഓഫീസിലെ 27-8-2014-ലെ എഫ്2/2966/06/ന.ക.വ-ാം നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.12.9 7-8-2015-ന് കൊയിലാണ്ടി നഗരസഭയിൽ നേരിൽപ്പോയി കൈതോല കൃഷിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചു. നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭാഗികമായി ബാധ്യത ചുമത്തിയ കൃഷി ഓഫീസർ ശ്രീമതി ഗീത കെ. ജി. സൂക്ഷ്മ പരിശോധനാ സമയത്ത് നേരിട്ട് ഹാജരായി. ഫയൽ പരിശോധിച്ചതിൽ, കൈതോലകൃഷിക്കായി വകയിരുത്തിയ 50,000 രൂപയിൽ 9,150 രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് വാങ്ങിയ കൈതോലത്തൈകൾ തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ നട്ടുപിടിപ്പിച്ചിട്ടുണ്ടെന്നും അന്നത്തെ മുനിസിപ്പൽ ചെയർമാന്റെ വ്യക്തമായ നിർദ്ദേശപ്രകാരമാണ് തുക നൽകിയതെന്നും ശ്രീമതി ഗീത കെ. ജി. 1-2-2008-ൽ കൊയിലാണ്ടി കൃഷി ഓഫീസർക്ക് നൽകിയ കത്തിൽ വ്യക്തമാക്കുന്നു.

നിർവ്വഹണ ഘട്ടത്തിൽ മഴ അവസാനിച്ചതിനാൽ പ്രോജക്റ്റ് പ്രസ്തുത സാമ്പത്തിക വർഷം നടത്താൻ പ്രയാസമാകുമെന്ന് ശ്രീമതി ഷീല പി. ആർ. (നിർവ്വഹണാരംഭത്തിലുണ്ടായിരുന്ന കൃഷി ഓഫീസർ) 2-12-1997-ന് നഗരസഭാ സെക്രട്ടറിക്കയച്ച കത്തിൽ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചില്ല. ആയതിനാൽ തന്നെ പദ്ധതി പരാജയപ്പെട്ടു.

നിർവ്വഹണ കാലഘട്ടത്തിൽ ശ്രീമതി ഷീല പി. ആർ., ശ്രീമതി ഗീത കെ. ജി. എന്നീ കൃഷി ഓഫീസർമാർ പദ്ധതിയുടെ കൺവീനറായ ശ്രീ. വി. പി. ഗംഗാധരന് യഥാക്രമം 4,900 രൂപ, 4,250 രൂപ പ്രകാരം ആകെ 9,150 രൂപ നൽകിയിട്ടുണ്ട്. ഇതിൽ ശ്രീമതി. പി. ആർ. ഷീലയുടെ ബാധ്യത തുകയായ 4,900 രൂപ 21-11-2013-ലെ 01/11301400042 രശീത് പ്രകാരവും ശ്രീമതി ഗീത കെ. ജി. യുടെ ബാദ്ധ്യതയായ 4,250 രൂപ 7-8-2015-ലെ 01/11301103477 പ്രകാരവും നഗരസഭാ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

4,250 രൂപ ചെലവഴിച്ച കാലഘട്ടത്തിലെ കൃഷി ഓഫീസർ ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയാൻ കഴിഞ്ഞില്ലെന്നും റിട്ടയർ ചെയ്തതായി അറിയുന്നതായും മറുപടിയിൽ സൂചിപ്പിക്കുന്നു. എന്നാൽ ബന്ധപ്പെട്ട കൃഷി ഓഫീസറായ ശ്രീമതി ഗീത കെ. ജി. നഗരസഭയ്ക്ക് സമീപത്തായി സ്ഥിതി ചെയ്യുന്ന പയ്യോളി ഗ്രാമപഞ്ചായത്തിലെ കൃഷി ഓഫീസറായി പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ 1997-1998 ഓഡിറ്റ് റിപ്പോർട്ടിൽ (നമ്പർ എൽ.എഫ്. (എം.1)/152/99 തീയതി 7-8-1999) പരാമർശ വിധേയമായ മേൽ വിഷയം നിർവ്വഹണോദ്യോഗസ്ഥരായ കൃഷി ഓഫീസർമാർ അറിയുന്നത് പത്ത് വർഷത്തിനുശേഷം 5-1-2008-ലെ അന്നത്തെ കൃഷി ഓഫീസറുടെ കത്ത് മുഖേനയാണെന്നും ആയതിനാൽ യഥാസമയം മറുപടി സമർപ്പിക്കാൻ കഴിഞ്ഞില്ലെന്നും സൂക്ഷ്മ പരിശോധനാ സമയത്ത് നേരിൽ ഹാജരായ ശ്രീമതി ഗീത. കെ. ജി. കൃഷി ഓഫീസർ ബോധിപ്പിച്ചു.

**ഖണ്ഡിക നമ്പർ 131**

<u>ശിപാർശ</u>

3.13.1 ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ തീർപ്പാക്കുന്നതിനായി ബന്ധപ്പെട്ട ഫയലുകളും മറ്റ് അനുബന്ധ രേഖകളും എൽ.എഫ്.എ. ഡയറക്ടർക്ക് നൽകണമെന്നും ഫയലുകൾ കിട്ടാത്തപക്ഷം ആ വിവരം എൽ.എഫ്.എ. ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. തെളിവെടുപ്പ് വേളയിൽ സമിതിയിൽ ഹാജരായി ബന്ധപ്പെട്ട വിഷയത്തിൽ തെളിവ് നൽകിയ സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നും ഈ ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്താൻ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.2 മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്ത വകയിൽ ക്രമക്കേട്-ഉത്തരവാദികൾ-ശ്രീ. വി. വി. ഇക്ബാൽ-കൺവീനർ, ശ്രീ. വിജയൻ-കൺവീനർ.

<u>24-10-2007-ലെ സമിതി യോഗ തീരുമാനം</u>

3.13.3 പ്രസ്തുത ഖണ്ഡികയിൽ സമിതിയുടെ ശിപാർശയായ കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കണമെന്നതിന്മേൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം സമിതിയിൽ ലഭ്യമാക്കിയ നഗരകാര്യ ഡയറക്ടറുടെ നടപടി ദൗർഭാഗ്യകരമായിപ്പോയെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച് 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരം ആരായുവാനും സമിതി തീരുമാനിച്ചു.

<u>23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി</u>

3.13.4 ഫയലുകളും രേഖകളും നഗരസഭ സെക്രട്ടറി 11-8-2007-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകി കഴിഞ്ഞു. സമിതിയ്ക്ക് ഉറപ്പ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കാതിരിക്കുകയും ചെയ്ത സെക്രട്ടറി ശ്രീ. കെ. വി. എസ്. ശിവനാണ്. ടിയാനെതിരെ ചാർജ് മെമ്മോ തയ്യാറാക്കി 27-10-2007-ൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. ശിവനെ മറ്റു ശിക്ഷണ നടപടികളുടെ ഭാഗമായി സർവ്വീസിൽ ജി.ഒ. (ആർ.ടി) 251/07/വിജിലൻസ് 27-10-2007 ഉത്തരവ് പ്രകാരം 27-10-2007 മുതൽ പ്രാബല്യത്തോടെ നിർബന്ധിത പെൻഷൻ നൽകി പിരിച്ചയച്ചിരിക്കുന്നു. ബന്ധപ്പെട്ട ക്രമക്കേടിന് ഉത്തരവാദി വ്യവസ്ഥകൾ പാലിക്കാതിരുന്ന അന്നത്തെ നഗരസഭാ സെക്രട്ടറി ശ്രീ. കെ. പത്മനാഭനാണ്. ടിയാൻ സർവ്വീസിൽ നിന്നും 2000 മാണ്ടിൽ റിട്ടയർ ചെയ്തു.

<u>28-11-2007-ലെ സമിതി യോഗ തീരുമാനം</u>

3.13.5 സമിതിയ്ക്ക് ഉറപ്പ് നൽകുകയും തുടർ നടപടി സ്വീകരിക്കുവാൻ വീഴ്ച വരുത്തുകയും ചെയ്ത സെക്രട്ടറി ശ്രീ. ശിവനെതിരെ 27-10-2007-ൽ ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചതായും എന്നാൽ ശ്രീ. ശിവനെ സർക്കാർ മറ്റു ശിക്ഷണ നടപടികളുടെ ഭാഗമായി നിർബന്ധിത പെൻഷൻ നൽകി 27-10-2007-ൽ പിരിച്ചുവിട്ടതായും നഗരകാര്യ ഡയറക്ടർ സമിതി മുൻപാകെ അറിയിച്ചതിന്റെ വെളിച്ചത്തിൽ സമിതിയുടെ ശിപാർശയിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിച്ചു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23-3-2009-ലെ കത്തു പ്രകാരം ലഭിച്ച റിപ്പോർട്ട്</u>

3.13.6 മത്സ്യതൊഴിലാളികൾക്ക് അനുവദിച്ച വള്ളവും വലയും വിതരണം ചെയ്യുന്നതിന് കൺവീനർ ശ്രീ. വി. വി. ഇക്ബാലിന് അനുവദിക്കേണ്ടിയിരുന്നത് 13 ഗുണഭോക്താക്കൾക്ക് 8,625 രൂപ തോതിൽ 1,12,125 രൂപയാണ്. ടി തുക 28-5-1997-ലെ 609638-ാം നമ്പർ ചെക്കു പ്രകാരം അനുവദിച്ചിട്ടുണ്ട്. പിന്നീട് 6-7-1997-ന് 213033-ാം നമ്പർ ചെക്കു പ്രകാരം 8,625 രൂപ വീണ്ടും അനുവദിച്ചിട്ടുണ്ട്. ടി തുക ശ്രീ. സി. കെ. ഇമ്പിച്ചന് വിതരണം നടത്തിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടിയാന്റെ കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ഫയലിൽ നിന്നും ലഭിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടിന്റെ പകർപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടു. 13 ഗുണഭോക്താക്കൾ വള്ളവും വലയും കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടു. ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച അപാകതകളിൽ ശ്രീ. ഇമ്പിച്ചന്റെ രസീത് ഒഴികെ ബാക്കിയെല്ലാം പരിശോധിച്ച് തടസ്സവാദങ്ങൾ പരിഹരിച്ചിട്ടുള്ളതായി അറിയിക്കുന്നു.

**ഖണ്ഡിക നമ്പർ 137**

<u>ശിപാർശ</u>

3.14.1 ബന്ധപ്പെട്ട കൺവീനർക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നോട്ടീസ് നൽകണമെന്നും ഒരു പദ്ധതി നടപ്പിൽ വരുത്തുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ എല്ലാം പാലിച്ചാണോ നടപ്പിലാക്കുന്നതെന്ന് ഉറപ്പ് വരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. തെളിവെടുപ്പ് വേളയിൽ സമിതിയിൽ ഹാജരായി ബന്ധപ്പെട്ട വിഷയത്തിൽ തെളിവു നൽകിയ സെക്രട്ടറി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.2 <u>വാഴകൃഷി വികസനം - ഉത്തരവാദികൾ</u>

പർച്ചേസ് കമ്മിറ്റി കൺവീനർ ശ്രീ. പി. ബാബുരാജ്, സമിതിയിൽ ഹാജരായ സെക്രട്ടറി ശ്രീ. കെ. വി. എസ്. ശിവൻ.

<u>24-10-2007-ലെ സമിതി യോഗ തീരുമാനം</u>

3.14.3 പ്രസ്തുത ഖണ്ഡികയിൽ സമിതിയുടെ ശിപാർശയായ കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കണമെന്നതിന്മേൽ നടപടി സ്വീകരിക്കാതെ

കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം സമിതിക്ക് ലഭ്യമാക്കിയ നഗരകാര്യഡയറക്ടറുടെ നടപടി ദൗർഭാഗ്യകരമായിപ്പോയെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച് 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ, ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും സമിതി തീരുമാനിച്ചു.

**23-11-2007-ലെ കത്തു പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി**

3.14.4 വാഴക്കന്നുകൾ വാങ്ങിയ ഇനത്തിൽ അധിക ചെലവ് വന്ന തുക ഈടാക്കുന്നതിനും സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ചതിനും ബന്ധപ്പെട്ട കൺവീനർക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നഗരസഭാ സെക്രട്ടറി 21-11-2007-ൽ നോട്ടീസ് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുമ്പോൾ നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ട് എന്നത് ഉറപ്പു വരുത്തുന്നതിന് നഗരസഭാ തലത്തിലും സർക്കാർ തലത്തിലും ആവശ്യമായ ശ്രദ്ധ ചെലുത്തുന്നതാണ്. സമിതിയ്ക്ക് ഉറപ്പ് നൽകുകയും തുടർ നടപടി സ്വീകരിക്കുവാൻ വീഴ്ച വരുത്തുകയും ചെയ്ത സെക്രട്ടറി ശ്രീ. ശിവനെതിരെ 27-10-2007 ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ശ്രീ. ശിവനെ സർക്കാർ മറ്റു ശിക്ഷണ നടപടികളുടെ ഭാഗമായി നിർബന്ധിത പെൻഷൻ നൽകി 27-10-2007-ൽ പിരിച്ചു വിട്ടു.

<u>28-11-2007-ലെ സമിതി യോഗ തീരുമാനം</u>

3.14.5 സമിതിയ്ക്ക് ഉറപ്പ് നൽകുകയും തുടർ നടപടി സ്വീകരിക്കുവാൻ വീഴ്ച വരുത്തുകയും ചെയ്ത സെക്രട്ടറി ശ്രീ. ശിവനെതിരെ 27-10-2007-ൽ ചാർജ് മെമ്മോ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചതായും എന്നാൽ ശ്രീ. ശിവനെ സർക്കാർ മറ്റു ശിക്ഷണ നടപടികളുടെ ഭാഗമായി നിർബന്ധിത പെൻഷൻ നൽകി 27-10-2007-ൽ പിരിച്ചുവിട്ടതായും നഗരകാര്യ ഡയറക്ടർ സമിതി മുൻപാകെ അറിയിച്ചതിന്റെ വെളിച്ചത്തിൽ സമിതിയുടെ ശിപാർശയിന്മേലുള്ള തുടർ നടപടി അവസാനിപ്പിക്കുവാൻ സമിതി തീരുമാനിച്ചു.

**ഖണ്ഡിക നമ്പർ 149**

<u>ശിപാർശ</u>

3.15.1 നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനത്തിന് ഉത്തമോദാഹരണമാണ് ഈ ആഡിറ്റ് പരാമർശമെന്നും ഇതു സംബന്ധിച്ച് ഡി.പി.സി.യുടെ വിശദാംശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ ബന്ധപ്പെട്ട രേഖകളും രണ്ടാഴ്ചയ്ക്കുള്ളിൽ ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

3.15.2 തെളിവെടുപ്പ് വേളയിൽ മുനിസിപ്പൽ സെക്രട്ടറി നൽകിയ ഉറപ്പുകളെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ വകുപ്പുതലത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.15.3 മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം-ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം-ഉത്തരവാദികൾ

ഓഡിറ്റ് പരാമർശ കാലയളവിലെ സെക്രട്ടറി ശ്രീ. കെ. പത്മനാഭൻ (റിട്ട.), സമിതി മുമ്പാകെ തെളിവ് നൽകിയ സെക്രട്ടറി ശ്രീ. കെ. വി. എസ്. ശിവൻ.

24-10-2007-ലെ സമിതി യോഗ തീരുമാനം

3.15.4 പ്രസ്തുത ഖണ്ഡികയിൽ സമിതിയുടെ ശിപാർശയായ കുറ്റക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി എടുക്കണമെന്നതിന്മേൽ നടപടി സ്വീകരിക്കാതെ കുറ്റക്കാരായ ഉദ്യോഗസ്ഥരുടെ ലിസ്റ്റ് മാത്രം സമിതിക്ക് ലഭ്യമാക്കിയ നഗരകാര്യഡയറക്ടറുടെ നടപടി ദൗർഭാഗ്യകരമായിപ്പോയെന്ന് സമിതി അഭിപ്രായപ്പെടുകയും ഇത് സംബന്ധിച്ച് 28-11-2007-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, നഗരകാര്യ ഡയറക്ടർ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി എന്നിവരിൽ നിന്നും സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരായുവാനും സമിതി തീരുമാനിച്ചു.

23-11-2007-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ സർക്കാർ മറുപടി

3.15.5 ബന്ധപ്പെട്ട രേഖകൾ നിയമസഭാ സമിതിയ്ക്ക് നൽകുന്നതിന് നഗരസഭാ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയത് തെളിവ് നൽകിയ സെക്രട്ടറി ശ്രീ. ശിവനെ മറ്റ് ആരോപണങ്ങളുടെ പേരിൽ 27-10-2007-ൽ പ്രാബല്യത്തിൽ നിർബന്ധിത പെൻഷൻ നൽകി പിരിച്ചയച്ചിരിക്കുന്നു.

28-11-2007-ലെ സമിതി യോഗ തീരുമാനം

3.15.6 തെളിവെടുപ്പ് വേളയിൽ സെക്രട്ടറി നൽകിയ ഉറപ്പുകളെ സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ശ്രീ. ശിവനെ മറ്റ് ആരോപണങ്ങളുടെ പേരിൽ നിർബന്ധിത പെൻഷൻ നൽകി പിരിച്ചയച്ചിരിക്കുന്നതിനാൽ വകുപ്പുതല നടപടിക്ക് പ്രസക്തിയില്ലായെന്ന് സമിതി അഭിപ്രായപ്പെടുകയും പ്രസ്തുത ശിപാർശയിന്മേൽ തുടർ നടപടി അവസാനിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ഖണ്ഡിക നമ്പർ 155**

ശിപാർശ

3.16.1 വ്യക്തമായ പരസ്യം നൽകാതെ ക്വട്ടേഷൻ ക്ഷണിക്കുകയും ലഭിച്ച ക്വട്ടേഷൻ തന്നെ കൃത്രിമമാണെന്നുമുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി നിർവ്വഹണത്തെപ്പറ്റിയുള്ള കൂടുതൽ അന്വേഷണത്തിനായി ഭരണവകുപ്പിനെ ചുമതലപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.16.2 പദ്ധതികളുടെ ഇംപ്ലിമെന്റിംഗ് ഓഫീസറായിരുന്ന സീനിയർ വെറ്ററിനറി സർജനോട് നിയമസഭാ സമിതി മുമ്പാകെ സമർപ്പിച്ചതിൽ കൂടുതലായി എന്തെങ്കിലും വിശദീകരണം ഉണ്ടെങ്കിൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.16.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. ഭരണ വകുപ്പിൽ നിന്ന് ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന് അനുസൃതമായി നിയമസഭാ സമിതിക്ക് യുക്തമായ നടപടി സ്വീകരിക്കാവുന്നതാണ്.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം</u>

3.16.4 പ്രസ്തുത ശിപാർശയിന്മേൽ ഭരണ വകുപ്പ് സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നതിന് ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടു.

<u>13-12-2006-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരത്തിന് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി</u>

3.16.5 വടകര നഗരസഭയിൽ 1997-98 കാലയളവിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയിലെ അപാകതകൾ സംബന്ധിച്ച് ഭരണ വകുപ്പ് അന്വേഷണം നടത്തി അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായ സീനിയർ വെറ്ററിനറി സർജൻ ഡോ. കെ. എ. ജോർജ്ജിനെതിരെയുള്ള അച്ചടക്ക നടപടികൾ സർക്കാരിന്റെ 21-11-2009-ലെ സ.ഉ. (സാധാ) നമ്പർ 1931/2009/എ.ഡി. നമ്പർ ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.16.6 വടകര നഗരസഭയിൽ 1997-98 കാലയളവിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതികളിൽ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട മലബാറി ആടുവളർത്തൽ (പ്രോ.നമ്പർ 12/1997-98), മുട്ടക്കോഴി വിതരണം (പ്രോ.നമ്പർ 11/1997-98) എന്നീ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകളിന്മേൽ ബഹു. നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സ.ഉ.(സാധാ) നമ്പർ1931/2009/എ.ഡി. തീയതി 21-11-2009 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അന്വേഷണത്തിലോ വകുപ്പുതലത്തിൽ നടത്തിയ അന്വേഷണത്തിലോ മേൽ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന

ഡോ. കെ. എ. ജോർജ്ജിനെതിരെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വീഴ്ചകൾ അല്ലാതെ പണാപഹരണം നടത്തുകയോ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ നിഷേധിച്ചതായോ ഉള്ള കുറ്റങ്ങൾ ഒന്നും കണ്ടെത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങളിൽ വീഴ്ചകൾ ഉണ്ടാകാൻ പാടില്ല എന്ന കർശന താക്കീത് നൽകി ഡോ. കെ. എ. ജോർജ്ജിനെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 160**

ശിപാർശ

3.17.1 ജനകീയാസൂത്രണത്തിന്റെ ഭാഗമായും നഗരസഭയുടെ പൊതുവികസനത്തിന്റെ ഭാഗമായും റോഡുപണികൾ നടത്തുമ്പോൾ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തിയും മറ്റു ഫണ്ടുകൾ ഉപയോഗിച്ചുള്ള പ്രവൃത്തിയും വെവ്വേറെ രേഖപ്പെടുത്തി വ്യക്തമാക്കത്തക്കവിധം റോഡ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.17.2 നിയമസഭാ സമിതിയുടെ നിർദ്ദേശപ്രകാരം വ്യത്യസ്ത ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ വ്യക്തമാക്കത്തക്കരീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്ന വിവരം നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്

3.17.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടുണ്ട്. വ്യത്യസ്തങ്ങളായ ഫണ്ടുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ വ്യക്തമാക്കുന്ന രീതിയിൽ എഴുതി സൂക്ഷിച്ച റോഡ് രജിസ്റ്റർ പരിശോധനയ്ക്ക് വിധേയമാക്കി. ആയതിനാൽ ടി തടസ്സം ഒഴിവാക്കാവുന്നതാണ്.

28-5-2014-ലെ കത്ത് പ്രകാരം ലഭിച്ച സർക്കാർ മറുപടി

3.17.4 1980-ൽ ആരംഭിച്ച റോഡ് രജിസ്റ്ററുകൾ ആയിരുന്നു നിലവിൽ ഉണ്ടായിരുന്നത്. ആയത് പഴകിപോയിട്ടുള്ളതിനെ തുടർന്ന് ക്ലോസ് ചെയ്ത് 2001-02 മുതൽ പുതിയ റോഡ് രജിസ്റ്റർ എല്ലാ വിശദാംശങ്ങളും സഹിതം എഴുതി സൂക്ഷിച്ചു വരുന്നുണ്ട്.

2009-10 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ എല്ലാ രജിസ്റ്ററുകളും നല്ല രീതിയിൽ സൂക്ഷിച്ചു വരുന്നുണ്ടെന്ന് പരാമർശിച്ചിട്ടുള്ളതാണ്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.17.5 2001-02 വർഷം മുതൽ പുതിയ റോഡ് രജിസ്റ്റർ എഴുതി സൂക്ഷിച്ച് വരുന്നുണ്ടെങ്കിലും ബഹു. നിയമസഭാ സമിതി നിർദ്ദേശപ്രകാരം ജനകീയാസൂത്രണത്തിന്റെ ഭാഗമായും നഗരസഭയുടെ പൊതുവികസനത്തിന്റെ ഭാഗമായും നഗരസഭ ഏറ്റെടുത്ത് നടപ്പിലാക്കിയ റോഡ് പണികളിന്മേൽ പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളും മറ്റ് ഫണ്ടുകളും ഉപയോഗിച്ചുള്ള പ്രവൃത്തികളും വെവ്വേറെ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമായി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും ഫണ്ട് തിരിച്ചുള്ള ഫണ്ടിനം ഏതെന്ന് വ്യക്തമാക്കുന്ന രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

**ഖണ്ഡിക നമ്പർ 166**

<u>ശിപാർശ</u>

3.18.1 നിർവ്വഹണ കമ്മിറ്റി രൂപീകരിക്കുന്നതിന് മുമ്പ് സാധനസാമഗ്രികൾക്ക് ക്വട്ടേഷൻ വിളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ കൃത്യവിലോപം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.18.2 നിർവ്വഹണ കമ്മിറ്റി രൂപീകരിക്കുന്നതിന് മുമ്പ് സാധനസാമഗ്രികൾക്ക് ക്വട്ടേഷൻ വിളിക്കുകയും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ കൃത്യ വിലോപം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.18.3 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. നഗരകാര്യ സെക്രട്ടറിയുടെ 5-8-2006-ലെ എ 4-1794/04-ാം നമ്പർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പുകയില്ലാത്ത അടുപ്പ് നടത്തിപ്പിൽ കണ്ട പോരായ്മകൾ മാപ്പാക്കാവുന്നതാണ്.

<u>13-12-2006-ലെ സമിതി യോഗ തീരുമാനം</u>

3.18.4 സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ അടുത്ത യോഗത്തിൽ പരിഗണിക്കുവാൻ തീരുമാനിച്ചു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.18.5 നിർവ്വഹണ കമ്മിറ്റി രൂപീകരിക്കുന്നതിന് മുമ്പ് സാധനസാമഗ്രികൾക്ക് ക്വട്ടേഷൻ വിളിക്കുകയും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെ കൃത്യ വിലോപം വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിക്കുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനാക്കുറിപ്പ്</u>

3.18.6 നിയമസഭാ സമിതിയുടെ നിർദ്ദേശം പാലിച്ചിട്ടില്ല. നഗരകാര്യ സെക്രട്ടറിയുടെ 5-8-2006-ലെ എ 4-1794/04-ാം നമ്പർ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പുകയില്ലാത്ത അടുപ്പ് നടത്തിപ്പിൽ കണ്ട പോരായ്മകൾ മാപ്പാക്കാവുന്നതാണ്. സെക്രട്ടറിയുടെ കത്തിന്റെ പകർപ്പ് ഇതോടൊപ്പം സമർപ്പിക്കുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

## അനുബന്ധം
## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ ശുപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1. | 2.1.10 | തദ്ദേശസ്വയംഭരണം | കണ്ണൂർ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് 1-4-1994 മുതൽ 30-9-1996 വരെയുള്ള കാലയളവിൽ അർഹമായതിലധികം വേരിയബിൾ ഡി.എ. നൽകിയതിലൂടെ അധികം ചെലവായ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു |
| 2. | 2.2.13 | ” | ഷാസു (Scheme for Housing and Shelter upgradation) ലോൺ സംഖ്യ യഥാസമയം വിനിയോഗിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്നും 1,63,881 രൂപ കെ.യു.ആർ.ഡി.എഫ്.സി.-ക്ക് പിഴപ്പലിശ നൽകാൻ കാരണക്കാരായ ഉദ്യോഗസ്ഥൻ ശ്രീ. ഷെയിക് ഇസ്മയിലിന് എതിരെ നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം സമിതി നിർദ്ദേശപ്രകാരം നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി ആവശ്യപ്പെടുന്നു |
| 3. | 2.3.6 | തദ്ദേശസ്വയംഭരണം | നഷ്ടോത്തരവാദിയിൽ നിന്നും നഷ്ടത്തുക ഈടാക്കിയ വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു |

| 1 | 2 | 3 | 4 |
|---|---|---|---|
| 4. | 2.4.8 | തദ്ദേശസ്വയംഭരണം | ഏറ്റെടുക്കുന്ന പ്രവൃത്തിയെ സംബന്ധിച്ച് വ്യക്തമായ ധാരണയോ രൂപരേഖയോ ഇല്ലാതെ തിടുക്കത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുമ്പോൾ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തീകരിക്കാതെ വരികയും ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്യുന്നത് ഒഴിവാക്കുവാൻ നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 8-2-2007-ലെ സി4/2966/06 നമ്പർ സർക്കുലറിന്റെ പകർപ്പ് സംസ്ഥാന ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു |
| 5. | 2.5.7 | ” | പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ എപ്രകാരമാണ് കണ്ടെത്തിയതെന്നും ഈ വിഷയവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കോടതിയിൽ നിലവിലുള്ള കേസ് ആരാണ് കൊടുത്തതെന്നും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അറിയിക്കണമെന്നും യഥാർത്ഥ നഷ്ടോത്തരവാദി ക്കെതിരെ നടപടി എടുത്ത് റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെടുന്നു |
| 6. | 2.6.7 | ” | സമിതിയുടെ ശിപാർശയിന്മേലുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുവാൻ സമിതി ആവശ്യപ്പെടുന്നു |
| 7. | 2.7.8 | ” | സമിതി മുമ്പാകെ തെളിവ് നൽകി റിപ്പോർട്ട് വരുമ്പോൾ ഒന്നും മിണ്ടാതിരിക്കുകയും ഫോളോ അപ്പ് ആക്ഷൻ എടുക്കാതിരിക്കുകകയും ചെയ്യുന്ന സെക്രട്ടറിമാർക്കെതിരെ നടപടി സ്വീകരിക്കണ മെന്ന് നഗരകാര്യ ഡയറക്ടറോട് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളും, 1-6-2002-ൽ നടപടി സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിനെ |

| 1 | 2 | 3 | 4 |
|---|---|---|---|
| | | | അറിയിച്ചിരുന്നതായി പറയുന്ന കത്ത്, എം ബുക്ക് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടി, ഫയൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥന്റെ പേരുവിവരം തുടങ്ങിയവ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ മുഖേന സമിതിയ്ക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു |
| 8. | 2.8.5 | തദ്ദേശസ്വയംഭരണം | തുക ഈടാക്കുന്നതിനു വേണ്ടി അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.റ്റി.പി. സതീശന് അയച്ച സർചാർജ് സർട്ടിഫിക്കറ്റിനെതിരെ ശ്രീ. സതീശൻ, വയനാട് ജില്ലാ കോടതിയിൽ ഫയൽ ചെയ്ത ഒ.പി.39/03-ാം നമ്പർ കേസിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു |
| 9. | 2.9.5 | ” | വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് സമിതി ആവശ്യപ്പെടുന്നു. അതോടൊപ്പം വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു |
| 10. | 2.10.5 | ” | പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെടുന്നു |
| 11. | 2.11.5 | ” | 1992-93 മുതൽ 1997-98 വരെയുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ചും പ്രസ്തുത കാലയളവിലെ നികുതി കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തി അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ആവശ്യപ്പെടുന്നു. |